## 13

# ആത്മാർത്ഥമായി ജീവിക്കൽ

## (6:1–18)

യേശു തന്റെ ശിഷ്യന്മാരോട്, “നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു” (5:20). മലമ്പ്രസംഗത്തിൽ താൻ പറയുവാനിരിക്കുന്നതിനെയെല്ലാം ആ വാക്കുകളിൽ അവൻ ചുരുക്കി പറയുകയായിരുന്നു.

തന്റെ പ്രസംഗത്തിന്റെ ആദ്യഭാഗമായ, മത്തായി 5:21–48-ൽ, തന്റെ ഉപദേശങ്ങളും യെഹൂദപാരമ്പര്യവും തമ്മിലുള്ള അഞ്ചു അന്തരങ്ങൾ യേശു വ്യക്തമാക്കി. തന്റെ പ്രസംഗ നിർദ്ദേശങ്ങളായ, 6:1–18 എന്ന രണ്ടാം ഭാഗത്തിൽ, അവൻ കൈകാര്യം ചെയ്യുന്നത്, മതപരമായ രൂപവും ഹൃദയവുമാണ് – സത്യമതവും ബാഹ്യ ചടങ്ങുകളും.

പൊതുവായ ഒരു മുന്നറിപ്പിനുശേഷം (6:1), യേശു മൂന്നു മുഖ്യമായ ചിത്രീകരണങ്ങൾ അവതരിപ്പിച്ചു: നൽകൽ (6:2–4), പ്രാർത്ഥന (6:5–15), ഉപവാസം (6:16–18). യെഹൂദ ഉപദേഷ്ടാക്കന്മാർ പൊതുവിൽ അവരുടെ നിർദ്ദേശങ്ങളിൽ മൂന്നു ഉദാഹരണങ്ങൾ പറയുക പതിവായിരുന്നു എന്ന് ക്രെയിഗ് എസ്. കീനർ പറഞ്ഞു.[1]

### പൊതുവായ മുന്നറിയിപ്പ് (6:1)

**[1]“മനുഷ്യർ കാണേണ്ടതിന്നു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ, അല്ലാഞ്ഞാൽ സ്വർഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക് പ്രതിഫലമില്ല.”**

**വാക്യം 1.** നൽകൽ, പ്രാർത്ഥന, ഉപവാസം എന്നീ വിഷയങ്ങളോടുള്ള തന്റെ സമീപനമായി, ഫലത്തിൽ, യേശു പറഞ്ഞു, ‘‘ഞാൻ പറയുവാൻ പോകുന്നത് ശ്രദ്ധിച്ചു കേൾക്കുക.’ ’**സൂക്ഷിക്കുക** എന്നതിന്റെ ഗ്രീക്ക് വാക്ക് (*പ്രോസേക്കോ*) പറയുന്നത് “മുറുകെ പിടിക്കുക,” “ശ്രദ്ധിക്കുക,” “സൂക്ഷിക്കുക” എന്നാണ്. ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നീതിയേക്കാൾ തന്റെ ശിഷ്യന്മാരുടെ **നീതി** കവിയണം എന്നാണ് യേശു മുന്നറിയിച്ചത്. 5:20 ലെ “നീതി” (*ഡിക്കായോസുനെ*) ആണ് ഇവിടെ ആവർത്തിച്ചിരിക്കുന്നത്. കെജെവിയിൽ ടെക്സ്റ്റസ് റിസെപ്റ്റസിൽ, “നീതി” എന്നതിനു പകരം വാക്യം 1-ൽ “ധർമ്മം” എന്നാണ്. എങ്ങനെയായാലും, ‘‘നീതി” എന്നതാണ് വായനക്ക് ശ്രേഷ്ടമായത്. 6:2–4 ലെ ചുരുക്കമായ മുഖവുരക്ക് പകരം 6:2–18 ന്റെ പൊതുവായ മുഖവുരയാണ് 6:1.

ആത്മാർത്ഥ ഹൃദയത്തിൽനിന്നും ശരിയായ നീതി, ബാഹ്യവും ശൂന്യവുമായ മതപ്രവർത്തികളെ ഒഴിവാക്കും. ആളുകൾ **ശ്രദ്ധിക്കേണ്ടതിന്** പ്രവർത്തികൾ **അവരുടെ മുമ്പിൽ** ചെയ്യരുത്. പകരം, അവ ധ്യാന ഹൃദയത്തോടെ

ദൈവമഹത്വത്തിനായി ചെയ്യുക. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹ ത്തിൽനിന്നു "നീതി" പ്രവൃത്തികൾ വന്നില്ലെങ്കിൽ, അവ പാഴും ശൂന്യവുമാണ് (1 കൊ. 13:1–3). തെറ്റായ ഉദ്ദേശത്തോടെ മതപരമായ പ്രവൃത്തികൾ ചെയ്യു ന്നവർക്ക് **പിതാവിന്റെ പ്രതിഫലം** ലഭിക്കുകയില്ല. "പ്രതിഫലം" എന്ന വാക്ക് (*മിസ്തോസ്*), ഓരോ വിഷയത്തിന്റെ മുമ്പ് ആവർത്തിച്ചിരിക്കുന്നു, അത് നമ്മുടെ നൽകലിനോടും (6:2), പ്രാർത്ഥനയോടും (6:5), ഉപവാസത്തോടും (6:16) ദൈവത്തിന്റെ പ്രതികരണത്ത കുറിച്ചുള്ള അടയാളമാണ്.

## നൽകൽ (6:2-4)

**2"ആകയാൽ ഭിക്ഷ കൊടുക്കുമ്പോൾ, മനുഷ്യരാൽ മാനം ലഭിപ്പാൻ പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. 3നീയോ ഭിക്ഷ കൊടുക്കു മ്പോൾ, നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന്നു വലങ്കൈ ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ അറിയരുത്. 4രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും."**

**വാക്യം 2. എപ്പോൾ** എന്നോ "എപ്പോഴെങ്കിലും" എന്നോ തർജിമ ചെയ്തി രിക്കുന്നതും, നീതി പ്രവൃത്തികളെ കൈകാര്യം ചെയ്യുന്ന ഓരോ ഭാഗത്തും, തുടക്കത്തിൽ അടയാളമായിരിക്കുന്നതാണ് ഗ്രീക്ക് പാർട്ടിക്കിൾ (6:2, 5, 16). തന്റെ ശ്രോതാക്കൾ ധർമ്മം കൊടുക്കുകയും, പ്രാർത്ഥിക്കുകയും, ഉപവസി ക്കയും ചെയ്തിരുന്നതായി യേശുവിന് അറിയാമായിരുന്നു. അത്തരം പ്ര വൃത്തികൾ യെഹൂദന്മാരിൽനിന്നു പ്രതീക്ഷിച്ചിരുന്നു.

കരുണയും ദയയും പ്രകടമാക്കുന്ന ഏതൊരു പ്രവർത്തിയെയും പറയുന്ന വാക്കാണ് ഭിക്ഷ കൊടുക്കുക എന്നതിനു ഉപയോഗിച്ചിരിക്കുന്ന വാക്ക് (*എ ലിമോസുനേ*). അതു വെറും അനുകമ്പ ഭാവിക്കലല്ല, കുഴപ്പത്തിലായവരെ വിടുവിക്കുന്ന വാസ്തവത്തിലുള്ള പ്രവൃത്തിയാണ്. യാക്കൊബ് പറയുന്നത നുസരിച്ച്, ആവശ്യമുള്ളവരെ കണ്ടിട്ട് വെറും അയ്യോഭാവം പ്രകടിപ്പിക്കലല്ല. ഒരു ക്രിസ്ത്യാനി, പ്രശ്നങ്ങളിലായിരിക്കുന്നവരെ സ്നേഹപ്രവൃത്തികളാൽ സഹായിക്കുകയാണ് വേണ്ടത് (യാക്കൊ. 2:14–16).

ഈ സന്ദർഭത്തിൽ, *എലിമോസുനേ* എന്ന വാക്ക് പ്രത്യേകമായി പറയു ന്നത് യെഹൂദന്മാർ ദരിദ്രർക്ക് "ഭിക്ഷ" കൊടുക്കുന്നതിനെയാണ് (കെജെവി; എൻ ആർഎസ്വി). പുതിയ നിയമത്തിൽ മറ്റു ഭാഗങ്ങളിൽ കെജെവിയും എൻആർഎസ്വിയും തർജിമ ചെയ്തിരിക്കുന്നത് "ഭിക്ഷ" എന്നാണ് (ലൂക്കൊ. 11:41; 12:33; പ്രവൃത്തികൾ 3:2; 9:36; 10:2; 24:17). മൈക്കിൽ ജെ. വിൽക്കിൻസ് പറഞ്ഞു, "പുരാതന അഗ്രേരിയൻ സമൂഹങ്ങളിൽ ദാരിദ്ര്യം വ്യാപകമായിരു ന്നു, യിസ്രായേൽ ജനം ദരിദ്രരെ സഹായിക്കൽ ഗൗരവമായി എടുത്തിരുന്നു (ഒ. വാ. ആവ. 15:11)."[2]

**മനുഷ്യരാൽ മാനം** ലഭിക്കുവാനായി ഭിക്ഷ കൊടുക്കുന്നതിനെ യേശു ഖണ്ഡിച്ചിരുന്നു. രക്ഷ പണം കൊടുത്തുവാങ്ങാമെന്നു കരുതിയ യെഹൂ ന്മാർ ധർമ്മം കൊടുക്കുന്നതിനെ റബ്ബിമാർ തലതിരിച്ച് ഉപയോഗിച്ചിരുന്നു. അപോക്രിഫാ പുസ്തകങ്ങളിൽ ഒന്നായ തോബിത് പറയുന്നത്, "ഓരോ പാ

പത്തെയും നീക്കം ചെയ്തു മരണത്തിൽനിന്നും ധർമ്മം രക്ഷിക്കും."[3]

നൽകൽ കാപട്യമാകാതിരിപ്പാൻ യേശു തന്റെ ശിഷ്യന്മാരെ മുന്നറിയിച്ചു. അത്തരക്കാർ പള്ളികളിലും വീഥികളിലും കാഹളം ഊതിച്ചുകൊണ്ടാണ് ഭിക്ഷ കൊടുക്കുന്നത് എന്നും യേശു പറഞ്ഞു. പണമുള്ള പരീശന്മാർ ആളുകളെ ആകർഷിക്കുവാനും, അവരുടെ മാനം ലഭിക്കുവാനും **പള്ളികളിലും വീഥികളിൽ അവർ ഭിക്ഷ കൊടുക്കുന്നത്** അക്ഷരികമായി **കാഹളം ഊതിച്ചുകൊണ്ടായിരുന്നു** എന്നാണോ നാം മനസിലാക്കേണ്ടത്? ചിലർ അങ്ങനെ വിചാരിക്കുന്നു. എങ്ങനെയായാലും, പള്ളികളിൽ ഭിക്ഷ ശേഖരിക്കുമ്പോൾ കാഹളം ഊതിയിരുന്നു എന്നാണ് വേറെ ചിലർ പറയുന്നത്. പതിമൂന്നു *ഭണ്ഡാര* പെട്ടികൾ (*ഷോപ്പർ*, എബ്രായ ഭാഷയിൽ "കൊമ്പ്" എന്നർത്ഥം), കാഹളത്തിന്റെ (ആട്ടുകൊറ്റന്റെ കൊമ്പുകൾ) ആകൃതിയിലുള്ളവയിലായിരുന്നു സംഭാവനകൾ ശേഖരിച്ചിരുന്നത്.[4] അതിലിട്ട പണം കള്ളന്മാർ എടുക്കാതിരിക്കുവാൻ അതിന്ന് നീണ്ടുവളഞ്ഞ കഴുത്തായിരുന്നു ഉണ്ടായിരുന്നത്. അവയിൽ നാണയത്തുട്ടുകൾ ഇടുമ്പോൾ, വീഴുന്ന ശബ്ദം ആളുകളുടെ ശ്രദ്ധ ആകർഷിച്ചിരുന്നു. ഒരു പരിധി വരെ ആളുകൾ ഇടുന്ന പണം ഉദ്ദേശം എത്രയായിരിക്കുമെന്ന് ശബ്ദം വെളിപ്പെടുത്തും (ലൂക്കൊ. 21:1, 2).

ആരെങ്കിലും ഭിക്ഷ കൊടുക്കുമ്പോൾ *വ്യക്തിപരമായി* കാഹളം ഊതിച്ചിരുന്നതായി നമുക്ക് തെളിവ് ഒന്നുമില്ല. ആളുകൾ നൽകുമ്പോൾ, മറ്റുള്ളവർ ശ്രദ്ധിച്ച് ആകർഷിക്കപ്പെടണമെന്നു വിചാരിച്ചു ചെയ്യുന്നതിനെയായിരിക്കാം കർത്താവ് ആലങ്കാരികമായി പറഞ്ഞിരിക്കുന്നത്. അത് ഒരുപക്ഷെ ജാക് പി. ലേവിസ് പറഞ്ഞതുപോലെ ആയിരിക്കാം, "നിങ്ങളുടെ കൊമ്പുപയോഗിച്ച് കുഴൽ [ഊതുന്നതിനെ] ആലങ്കാരികമായി പറയുന്ന ഒരു പ്രയോഗമാണ്."[5] ശരൽക്കാലത്ത് മഴക്കായി ഉപവസിക്കുമ്പോഴും, ഭിക്ഷ കൊടുക്കുമ്പോഴും അവർ ആട്ടുകൊറ്റന്റെ കൊമ്പ് ഉപയോഗിച്ച് ഊതി ആകർഷിച്ചിരുന്നു"[6] എന്നും അയാൾ പറഞ്ഞിരിക്കുന്നു.

മറ്റുള്ളവരെ കാണിക്കേണ്ടതിന് ധർമ്മം കൊടുക്കുന്നവർ **കപടഭക്തി**ക്കാരാണെന്ന് യേശു പറഞ്ഞു. *ഹിപോക്രിറ്റസ്* എന്ന ഗ്രീക്ക് വാക്ക് ലിപി മാറ്റി ഉപയോഗിച്ച വാക്കാണ് "ഹിപോക്രിറ്റ്" എന്ന ഇംഗ്ലീഷ് വാക്ക്, അർത്ഥം, ഒരു "നാടകം അഭിനയിക്കുന്ന ആൾ." യേശുവിന് വേദി പരിചയമുണ്ടായിരുന്നു. നസറേത്തിൽനിന്നു ഏതാനും മൈലുകളകലെയുള്ള ജാതികളുടെ പട്ടണമായ സെഫോറിസിലുണ്ടായിരുന്ന ഒന്ന് അവന് അറിയാമായിരുന്നു. എങ്ങനെയായാലും, ഈ സമയത്തിനു മുൻപ് തന്നെ നടിക്കുന്നവരെ *ഹൂപ്പോക്രിറ്റെസ്* എന്ന് വിളിച്ചിരുന്നു.[7] "[അവർ] തങ്ങളുടെ ഉള്ളിൽ വഷളത്വം വെച്ചുകൊണ്ടാണ് പുറമെ നീതി പ്രവർത്തികൾ ചെയ്തു വന്നിരുന്നത്. അവരുടെ കാപട്യം, പ്രത്യേകിച്ച് ഇവിടെ, അർത്ഥം, *ശരിയായ കാര്യം തെറ്റായ ഉദ്ദേശത്തിനുവേണ്ടി* ചെയ്യുകയാണ്."[8] നീതിയെ കുറിച്ചുള്ള ഓരോ ഭാഗവും ആരംഭിക്കുന്നതിനു മുൻപ് "കപടഭക്തി" എന്ന വാക്ക് കാണുന്നു (6:2, 5, 16), കൂടാതെ മത്തായിയുടെ പുസ്തകത്തിൽ മറ്റു പല ഭാഗങ്ങളിലും കാണാം (7:5; 15:7; 22:18; 23:13, 15, 23, 25, 27, 29; 24:51).

ആളുകൾ നൽകുന്നത് അംഗീകരിക്കപ്പെടേണ്ടതിനു മാത്രമാണെങ്കിൽ, **അവർക്ക് പ്രതിഫലം മുഴുവനും ലഭിച്ചു** കഴിഞ്ഞു എന്നാണ് യേശു പറഞ്ഞത്. "അവർക്ക് ... മുഴുവനും" എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *അപേകോ* എന്നതിൽനിന്നു വരുന്നതാണ്. പുരാതന ലോകത്ത് രസീതിൽ കണക്ക്

കൂട്ടി അവസാനം “മുഴുവൻ കൊടുത്തു” എന്നു സൂചിപ്പിച്ചിരുന്ന വാക്കാണ് (ഫിലി. 4:18 നോക്കുക; എൻ ആർഎസ്‌വി).[9] കപടഭക്തിക്കാർക്ക് മനുഷ്യരിൽനിന്നു മാത്രമാണ് പ്രതിഫലം ലഭിക്കുക എന്നാണ് യേശു പറഞ്ഞത്. അവർക്ക് സ്വർഗസ്ഥനായ പിതാവിൽനിന്നു ഒന്നും പ്രതീക്ഷിക്കുവാനില്ല എന്നർത്ഥം.

**വാക്യം 3.** ഈ പോയിന്റ് കൂടുതൽ ഊന്നൽ കൊടുത്ത് യേശു പറഞ്ഞു, **“നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന്നു വലങ്കൈ ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ അറിയരുത്.”** ഈ പ്രബോധനം സാധാരണ ഒരു പഴഞ്ചൊല്ലുപോലെ പറയുന്നത്, കഴിവതും പരസ്യമാക്കാതിരിക്കുക എന്നാണ്. പരസ്യമാക്കാതിരിക്കുന്നതിന് ഊന്നൽ കൊടുത്ത് റോബർട്ട് എച്ച്. ഗൺഡ്രി മറ്റൊരു കാഴ്ച്ചപ്പാടിൽ പറഞ്ഞു: “ആ പ്രയോഗം ഒരുപക്ഷെ അക്ഷരികമായി മനസിലാക്കണം: ഒരു ദാനം വേറൊരാൾക്ക് കൈമാറുമ്പോൾ, അടുത്തുള്ളയാളുടെ ശ്രദ്ധയിൽ പോലും പെടാതിരിക്കേണ്ടതിന് രണ്ടു കൈകളും ഉപയോഗിക്കാതെ വലത്തുകൈ മാത്രം ഉപയോഗിക്കുക എന്നാണർത്ഥം.”[10]

**വാക്യം 4.** സൽപ്രവൃത്തിചെയ്തു ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരാൾ ആത്മാർത്ഥതയോടെ **രഹസ്യത്തിൽ** നൽകുകയും, ദൈവം അയാളെ അനുഗ്രഹിക്കുകയും ചെയ്യും. “രഹസ്യത്തിൽ” എന്നാൽ കപടഭക്തിക്കാർ ചെയ്യുന്നതുപോലെ മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടാതെ ചെയ്യുക എന്നാണ്. ഭിക്ഷ കൊടുക്കുന്നത് രഹസ്യത്തിലായിരിക്കണം എന്ന യേശുവിന്റെ ഉപദേശം യെഹൂദ മതത്തിനു അന്യമായിരുന്നില്ല. ദൈവാലയത്തിൽ, എളിമയുള്ള യെഹൂദന്ന് ആരും കാണാതെ ഭിക്ഷ കൊടുക്കുവാൻ രഹസ്യ സ്ഥലം ഉണ്ടായിരുന്നു എന്നാണ് മിഷ്നാ പറയുന്നത്. ദൈവഭക്തിയുള്ള സാധു കുടുംബത്തെ സഹായിക്കുവാൻ ആ സംഭാവന ഉപയോഗിക്കാം.[11] താൽമൂദ് പഠിപ്പിക്കുന്നത് “രഹസ്യത്തിൽ ധർമ്മം കൊടുക്കുന്ന വ്യക്തി നമ്മുടെ ഉപദേഷ്ടാവ് മോശെയെക്കാൾ വലിയവൻ.”[12] “കൊടുക്കുന്ന ആൾ ആർക്കാണ് കൊടുക്കുന്നതെന്ന് അറിയേണ്ട ആവശ്യമില്ല, ആരിൽനിന്നാണ് ലഭിച്ചത് എന്ന് ലഭിച്ച ആളും അറിയേണ്ട ആവശ്യമില്ല”[13] എന്നും അതിൽ പറയുന്നു.

എങ്ങനെയായാലും, എല്ലാ നൽകലും രഹസ്യത്തിലായിരിക്കണം എന്നല്ല യേശു പറഞ്ഞത്. അവൻ പറഞ്ഞു, “മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” (5:16). തങ്ങൾക്ക് പുകഴ്ച്ചയുണ്ടാകേണ്ടതിനാകരുത് നല്ല പ്രവൃത്തികൾ എന്നാണ് യേശു പറഞ്ഞതിന്റെ അർത്ഥം. അത് ചെയ്യേണ്ടത് അംഗീകാരത്തിനു വേണ്ടിയാകരുത്; അങ്ങനെ ആളുകൾ അത് കണ്ടാൽ അവർ ദൈവത്തെ മഹത്വപ്പെടുത്തും. നല്ല പ്രവൃത്തി ചെയ്യുന്നത് മറ്റുള്ളവർ അറിയുന്നതിനെയല്ല യേശു വിലക്കിയത്, മറിച്ച് എല്ലാവരും അറിയണം എന്ന ഉദ്ദേശത്തോടെ കൊടുക്കുന്നതിനെയാണ് യേശു വിലക്കിയത്.

നൽകുന്നത് മറ്റുള്ളവരുടെ പ്രശംസ പിടിച്ചുപറ്റുവാനാകരുത്, പിന്നെയോ ദൈവത്തിൽനിന്നുള്ള പ്രതിഫലത്തിനാകണം: **“രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും.”** ദൈവം, സർവ്വ വ്യാപിത്വശക്തിയാൽ തന്റെ ജനത്തിന്റെ എല്ലാ ധർമ്മ പ്രവർത്തികളും “കാണുകയും” അവക്ക് ന്യായമായ “പ്രതിഫലം” നൽകുകയും ചെയ്യും.

## പ്രാർത്ഥിക്കൽ (6:5-15)

### കപടഭക്തിക്കാരെ പോലെ ആകരുത് (6:5-8)

**5“നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, കപടഭക്തിക്കാരെ പോലെ ആകരുത്. അവർ മനുഷ്യർക്ക് വിളങ്ങേണ്ടതിന്നു പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. 6നീയോ പ്രാർത്ഥിക്കുമ്പോൾ, അറയിൽ കടന്നു വാതിൽ അടെച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും.**

**7“പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ജാതികളെ പോലെ ജൽപനം ചെയ്യരുത്, അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലൊ അവർക്ക് തോന്നുന്നത്, 8അവരോട് തുല്യരാകരുത്; നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കുമ്മുമ്പെ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലൊ.”**

അടുത്തത് പ്രാർത്ഥിക്കുമ്പോൾ, ശരിയായതും തെറ്റായതും യേശു വേർതിരിച്ച് സംസാരിച്ചു. പ്രാർത്ഥിക്കുന്നതു ശരിയാണ്, പക്ഷെ “കപടഭക്തിക്കാരെ” പോലെ പ്രാർത്ഥിക്കരുത്. അത് ലളിതമായ ഒരു പരസ്യാരാധനയെ ശാസിക്കുന്നതല്ല. മറ്റുള്ളവർ എന്റെ പ്രാർത്ഥന കാണുകയും കേൾക്കുകയും ചെയ്യണം എന്ന പരീക്ഷണത്തെയാണ് യേശു മുന്നറിയിക്കുന്നത്.[14]

**വാക്യം 5**. യേശു പറഞ്ഞു തുടങ്ങിയത്, **“നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ,”** എന്നാണ്. ഓരോ ദിവസവും നിശ്ചയിച്ച സമയത്ത് പ്രാർത്ഥിക്കുന്ന യെഹൂദന്മാരോടായിരുന്നു യേശു സംസാരിച്ചത്. പ്രഭാതത്തിലും വൈകുന്നേരവും യാഗത്തോടുകൂടിയായിരുന്നു പ്രാർത്ഥന, അതു മൂന്നാം മണി നേരത്തും (9:00 ഏ. എം) ഒമ്പതാം മണിനേരത്തും (3.00 പി. എം) ആയിരുന്നു (എസ്രാ 9:5; ദാനി. 9:21; ലൂക്കൊ. 1:10; പ്രവൃ. 3:1).[15] ആറാം മണി നേരത്തും അവർ പ്രാർത്ഥിച്ചിരുന്നു, അതായത്, ഉച്ചക്ക് (പ്രവൃ. 10:9). അതുകൊണ്ട്, ദിവസത്തിൽ മൂന്നു പ്രാവശ്യം പ്രാർത്ഥിക്കുന്നത് ആചാരമായിരുന്നു (സങ്കീ. 55:17; ദാനി. 6:10). ചില പ്രാരംഭ ക്രിസ്ത്യാനികളും ഈ പരിശീലനം നടത്തിയിരുന്നു.[16]

**കപടഭക്തിക്കാരെ പോലെ ആകരുത്** എന്ന് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. മത്തായി 23-ൽ, അവൻ “കപടഭക്തിയുടെ” നിർവ്വചനം നൽകിയിരിക്കുന്നു: “ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോട് പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്‌വിൻ; അവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുത് താനും” (23:2, 3). എൻഐവിയിൽ, “അവർ ഉപദേശിക്കുന്നത് പരിശീലിക്കുന്നില്ല” എന്നാണ്. “തങ്ങൾക്ക് ഒരു ... വിരൽ കൊണ്ടുപോലും തൊടുവാൻ മനസില്ലാത്ത ഘനമുള്ള ചുമട് കെട്ടി അവർ മനുഷ്യരുടെ തോളിൽ വെക്കുന്നു” എന്നാണ് യേശു യെഹൂദ പ്രമാണിമാരെ കുറിച്ച് പറഞ്ഞത് (23:4). അവരുടെ കാപട്യ ലക്ഷ്യത്തെ കുറിച്ചും അവൻ പറഞ്ഞു: “അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം മനുഷ്യർ കാണേണ്ടതിനത്രെ ചെയ്യുന്നത്” (23:5).

ആ യെഹൂദന്മാരുടെ പ്രാർത്ഥനയിലായിരുന്നു അവരുടെ കാപട്യം കൂടുതൽ തെളിഞ്ഞു കണ്ടത്. കപടഭക്തിക്കാർ, യേശു പറഞ്ഞു, **മനുഷ്യർ**

**കാണേണ്ടതിന്നു പള്ളികളിലും, തെരുക്കോണുകളിലും നിന്നു പ്രാർത്ഥിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ്.** യെഹൂദന്മാർ പലപ്പോഴും തങ്ങളുടെ കൈകൾ ഉയർത്തി സ്വർഗത്തിലേക്ക് നോക്കിയാണ് പ്രാർത്ഥിച്ചിരുന്നത് (1 രാജാ. 8:22; സങ്കീ. 28:2; 63:4; 134:2; ലൂക്കൊ. 18:11, 13). റോബർട്ട് എച്ച്. മൗൺസ് പറഞ്ഞതനുസരിച്ച്, പ്രാർത്ഥനാസമയത്ത് ഒരാൾ വീഥിയിലാണെങ്കിൽ, “അവിടെ നിന്നു, ദൈവാലയത്തിലേക്ക് നോക്കിയാണ്, പ്രാർത്ഥിക്കേണ്ടത്.”[17] കപടഭക്തിക്കാർ ഒരുപക്ഷെ എല്ലാവരും കാണുന്ന സ്ഥലം തിരഞ്ഞെടുത്തു പ്രാർത്ഥിക്കുമായിരിക്കാം.

തങ്ങൾ ആത്മിയരാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനാണ് അവർ പരസ്യമായി പ്രാർത്ഥിക്കുന്നത്. അവർ “ഭക്തിയുള്ളവർ” ആണെന്ന് അറിയപ്പെടുവാൻ ആഗ്രഹിക്കുന്നവരാണ്. ശ്രദ്ധയാകർഷിക്കുവാനും ചില സാഹചര്യങ്ങളിൽ കുപ്രസിദ്ധരാകുവാനുമാണ് അവർ ശ്രമിക്കുന്നത് (ലൂക്കൊ. 18:9–14). അത്തരം ആളുകൾക്ക് **പ്രതിഫലം കിട്ടിപ്പോയി** എന്നാണ് യേശു പറഞ്ഞത്. അവർക്ക് മനുഷ്യരിൽനിന്നുള്ള പുകഴ്ച്ച മാത്രമാണ് ലഭിക്കുന്നത് (6:2 ന്റെ പരാമർശം നോക്കുക).

**വാക്യം 6**. അതിൽനിന്നു വ്യത്യസ്തമായി, **ദൈവത്തോട് രഹസ്യത്തിൽ പ്രാർത്ഥിക്കുവാനായിരുന്നു** യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. **അറ** (*ടാമെയോൺ*) എന്നതു വീട്ടിലെ സാധനങ്ങൾ സൂക്ഷിക്കുന്ന **ഉൾമുറി** ആണ്. വീടുകൾ പലപ്പോഴും മൺകട്ടകളുപയോഗിച്ച് പണിതിരിക്കയാൽ കള്ളന്മാർക്ക് തുരന്നു അകത്തു കടക്കുവാൻ കഴിയും (6:19). അതുകൊണ്ട്, വീട്ടിന് അറയും അതിനു പൂട്ടാവുന്ന ഒരു **വാതിലും** ഉണ്ടായിരിക്കും.[18] രഹസ്യത്തിൽ ഹൃദയ പൂർവ്വം പ്രാർത്ഥിക്കുന്നവർക്ക് അവരുടെ **രഹസ്യത്തിൽ കാണുന്ന പിതാവിൽ** നിന്നു **പ്രതിഫലം** ലഭിക്കും.

പള്ളികളിലും ദൈവാലയത്തിലുമുള്ള പരസ്യമായ പ്രാർത്ഥനയെ അല്ല യേശു വിലക്കിയത്, പിന്നെയോ പ്രാർത്ഥന മനുഷ്യരുടെ മുമ്പിൽ കാഴ്ച്ചയാക്കുന്നതിനെയാണ് അവൻ ശാസിച്ചത്. യേശു രഹസ്യമായും പരസ്യമായും പ്രാർത്ഥിക്കുകയും, പരസ്യമായി തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കയും ചെയ്തു (6:9–13).

**വാക്യം 7**. കപടഭക്തിക്കാർ തങ്ങളുടെ പ്രാർത്ഥന മറ്റുള്ളവർ *കാണണമെന്ന്* മാത്രമല്ല, *കേൾക്കണമെന്നും* ആഗ്രഹിച്ചിരുന്നു. പ്രാർത്ഥനയിൽ അവർ **അർത്ഥശൂന്യമായ പല വാക്കുകളും ആവർത്തിച്ചിരുന്നു**. ദീർഘമായ പ്രാർത്ഥനയെ ആയിരുന്നില്ല യേശു വിലക്കിയത്. അവൻ പോലും, ചുരുങ്ങിയത് ഒരു രാത്രി മുഴുവൻ അവൻ പ്രാർത്ഥിച്ചിരുന്നു (ലൂക്കൊ. 6:12). പ്രാർത്ഥനയോടുള്ള അവന്റെ സമീപനത്തിൽ, ഒരാൾ പ്രാർത്ഥിക്കുമ്പോൾ, അയാളുടെ മനോഭാവം ശരിയായിരിക്കണമെന്നാണ് യേശു വ്യക്തമാക്കിയത്. പ്രാർത്ഥന വിദ്യാഭ്യാസം നടത്തുന്നതിനോ ഒഴുക്ക് പ്രദർശിപ്പിക്കുന്നതിനോ ആകരുത്.

തന്റെ ശിഷ്യന്മാർ പ്രാർത്ഥിക്കുമ്പോൾ ആവർത്തിക്കരുത് എന്നല്ല യേശു സൂചിപ്പിച്ചത്. തന്നെ കാണിച്ചുകൊടുക്കുവാനിരുന്ന രാത്രിയിൽ, ഗദ്ശെമന തോട്ടത്തിൽ വെച്ച്, യേശു ഒരേ പ്രാർത്ഥന മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചിരുന്നു (26:36–46). ആവർത്തനത്തെ വിലക്കുന്നതിനു പകരം, പ്രാർത്ഥിക്കുന്ന വ്യക്തിയുടെ ഹൃദയത്തിൽനിന്നു വരാത്ത അർത്ഥശൂന്യമായ ആവർത്തനത്തെയാണ് യേശു ശാസിച്ചത്. “അർത്ഥശൂന്യമായ ആവർത്തനം” എന്നതിനു

ള്ള ഗ്രീക്ക് വാക്ക് (*ബാറ്റാലോജെയോ*) അർത്ഥം, "നിർജീവം, നിഷ്പ്രയോജനം, ചിലക്കൽ" എന്നിവയാണ്. യേശു ആവർത്തിച്ചിരുന്നുവെങ്കിലും, അവന്റെ പ്രാർത്ഥന വ്യക്തിപരവും, ആത്മാർത്ഥവുമായിരുന്നു. ദൈവം കേൾക്കുവാനായി, വാക്കുകളാൽ അവനെ പ്രീതിപ്പെടുത്തേണ്ടതുണ്ടെന്ന ആശയത്തിനെതിരായിട്ടായിരുന്നു യേശു മുന്നറിയിച്ചത്. പ്രാർത്ഥന എത്രത്തോളം ദീർഘമായിരിക്കുന്നുവോ, അത്രത്തോളം അതു ദൈവം കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുമെന്ന് ഒന്നാം നൂറ്റാണ്ടിലെ ചില റബ്ബിമാർ പഠിപ്പിച്ചിരുന്നു.[19]

**അതിഭാഷണത്താൽ** ഉത്തരം കിട്ടും എന്നായിരുന്നു **ജാതികൾ** വിചാരിച്ചിരുന്നതെന്നാണ് കർത്താവ് പറഞ്ഞത്. ഹൃദയ മനോഭാവത്തെ പലപ്പോഴും അവഗണിച്ച് ശരിയായ ചടങ്ങിനു ഊന്നൽകൊടുക്കുകയായിരുന്നു അന്യദേവന്മാരെ നമസ്കരിച്ചിരുന്ന മതങ്ങൾ ചെയ്തിരുന്നത്. അവരുടെ കൃത്യത കീനെറിൽ കാണാം: "പാരമ്പര്യത്തിൽനിന്നു തങ്ങൾക്ക് പകർന്നു കിട്ടിയ പ്രാർത്ഥന അങ്ങനെ തന്നെയായിരുന്നു റോമൻ ന്യായാധിപന്മാർ ചൊല്ലിയിരുന്നത്; 'ആ ചടങ്ങിലെ ഒരു സ്വരമോ ഉച്ചാരണമോ തെറ്റായി പറഞ്ഞാൽ, ആ പ്രാർത്ഥന അസാധുവായി തീരും.' "[20] ഉപായം കൊണ്ട് ദേവനിൽ നിന്നു നേടിയെടുക്കുന്ന ഒന്നായിട്ടായിരുന്നു പ്രാർത്ഥനയെ പലപ്പോഴും കണ്ടിരുന്നത്. ജാതികൾ "അവരുടെ ദേവന്മാരുടെ ഒരു അന്തമില്ലാത്ത ലിസ്റ്റ് തയ്യാറാക്കുകയും, അന്തമില്ലാത്ത ആവർത്തനത്താൽ വാസ്തവത്തിലുള്ള ദേവൻ കേൾക്കുകയും ഉത്തരം നല്കുകയും ചെയ്ത് തങ്ങളുടെ ആഗ്രഹം നിറവേറ്റാമെന്ന് വിശ്വസിച്ചിരുന്നു."[21] അന്യദേവന്മാരോട് പ്രാർത്ഥിച്ചിരുന്നവർ ആവർത്തിച്ചിരുന്നതായി പഴയനിയമത്തിലും പുതിയനിയമത്തിലും പറഞ്ഞിരിക്കുന്നു. "ബാലിന്റെ പ്രവാചകന്മാർ രാവിലെ മുതൽ ഉച്ചവരെ അത്യുച്ചത്തിൽ നിലവിളിച്ചു, 'ബാലേ ഉത്തരം അരുളേണമേ' (1 രാജാ. 18:26), എഫെസൊസിലെ തിയേറ്ററിലുണ്ടായിരുന്ന പുരുഷാരം രണ്ടു മണിക്കൂർ നിലവിളിച്ചു, 'എഫെസ്യരുടെ അർത്തെമിസ് ദേവി' (പ്രവൃ 19:34)."[22]

**വാക്യം 8.** തന്റെ ശിഷ്യന്മാർ **അവരെ പോലെ** ആകരുത് എന്ന് യേശു ആഗ്രഹിച്ചു - അതായത്, ജാതികളെ (കപടഭക്തിക്കാരെ) പോലെ ആകരുത്. പ്രാർത്ഥനയിൽ **യാചിക്കു** [ന്നതിനു] മുമ്പു തന്നെ ദൈവമായ **പിതാവിന്** തന്റെ മക്കളുടെ **ആവശ്യങ്ങൾ** അറിയാം. പ്രാർത്ഥനയുടെ ഉദ്ദേശം അറിയിക്കുകയോ അല്ലെങ്കിൽ ദൈവത്തിൽനിന്നു ഉപായത്തിൽ എന്തെങ്കിലും തരപ്പെടുത്തുകയോ അല്ല.[23] അവന്റെ മക്കൾ അവനോട് അടുക്കേണ്ടത്, ആദരവോടും, ധ്യാനത്തോടും, നന്ദിയോടുംകൂടെ ആയിരിക്കണം. എല്ലാ നല്ല ദാനവും പുറപ്പെടുന്ന ദൈവത്തിലുള്ള ആശ്രയമായിരിക്കണം ഒരാൾ പ്രാർത്ഥനയിൽ പ്രകടിപ്പിക്കേണ്ടത് (7:7–11; യാക്കൊ. 1:17 നോക്കുക).

### മാതൃകാ പ്രാർത്ഥന (6:9-13)

**9"നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ:**

**'സ്വർഗസ്ഥനായ പിതാവേ,**
**നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ,**
**10നിന്റെ രാജ്യം വരേണമേ,**
**നിന്റെ ഇഷ്ടം സ്വർഗത്തിലേപോലെ**

**ഭൂമിയിലും ആകേണമേ.**
**[11]ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ,**
**[12]ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ,**
**ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ.**
**[13]ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ,**
**ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ.**
**[രാജ്യവും, ശക്തിയും, മഹത്വവും എന്നേക്കും**
**നിനക്കുള്ളതല്ലോ. ആമേൻ.]' "**

യെഹൂദ റബ്ബിമാർ തങ്ങളുടെ വിദ്യാർത്ഥികളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുക പതിവായിരുന്നു. യേശുവിന്റെ ശിഷ്യന്മാർ അവനോട്, "കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചതുപോലെ, ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ" എന്നു പറഞ്ഞു (ലൂക്കൊ. 11:1). ദൈവത്തോടു പ്രാർത്ഥിക്കുന്നതിന്റെ അടിസ്ഥാനപരമായ കാര്യങ്ങളായിരുന്നു പ്രസംഗത്തിലെ ഈ ഭാഗത്ത് യേശു പഠിപ്പിച്ചത്.

യേശു അവരെ പഠിപ്പിച്ച പ്രാർത്ഥനയെ (ലൂക്കൊ. 11:2-4) പലപ്പോഴും വിളിക്കുന്നത് "കർത്താവിന്റെ പ്രാർത്ഥന" എന്നാണ്. "ശിഷ്യന്മാരുടെ പ്രാർത്ഥന" എന്നു വിളിക്കുന്നത് കൂടുതൽ ശരിയായിരിക്കും! കർത്താവിന്റെ വ്യക്തിപരമായ പ്രാർത്ഥകൾ പോലെയായിരുന്നില്ല, അത് അവരുടെ പ്രയോജനത്തിനുവേണ്ടി നൽകിയതായിരുന്നു (26:36-46; യോഹ. 17:1-26). അതിനെ "മാതൃകാ പ്രാർത്ഥന" എന്നു വിളിച്ചാലും തെറ്റില്ല, കാരണം എങ്ങനെ പ്രാർത്ഥിക്കണം എന്നതിനുള്ള അടിസ്ഥാന മാതൃകയായിരുന്നു യേശു നൽകിയത്. ആ മാതൃകാ പ്രാർത്ഥന ചുരുക്കവും, ലളിതവും, ഉയർന്നതുമായിരുന്നു.

**വാക്യം 9. സ്വർഗസ്ഥനായ ദൈവം പിതാവായി** സംബോധന ചെയ്തിട്ടാണ് യേശു പ്രാർത്ഥന ആരംഭിക്കുന്നത്. "എന്റെ പിതാവേ" എന്നു പറയാമായിരുന്നിട്ടും യേശു അങ്ങനെ പറഞ്ഞില്ല. "ഞങ്ങളുടെ പിതാവേ" എന്നാണ് അവൻ പറഞ്ഞത്. ഒരു പ്രത്യേക രീതിയിൽ യേശു ദൈവത്തിന്റെ പുത്രനായിരുന്നു (യോഹ. 3:16), എന്നാൽ ശിഷ്യന്മാർ ആത്മിയമായി ദൈവമക്കളാണ് (യോഹ. 1:11-13). താൻ ദൈവത്തോട് ഇടപെട്ട അതേ അടുപ്പത്തിൽ ദൈവത്തോട് ഇടപെടുവാനായിരുന്നു യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്. " 'അബ്ബാ, പിതാവേ! എന്നു വിളിക്കുവാനുള്ള' " പുത്രന്റെ ആത്മാവിനെയാണ് അവരിൽ നൽകിയതെന്ന് റോമയിലുള്ള സഹോദരന്മാരോട് പൗലൊസ് പറഞ്ഞു (റോമ. 8:15). ഒരു കുട്ടി തന്റെ അപ്പനെ വിളിക്കുന്ന അരാമിക് വാക്കാണ് "അബ്ബാ." അത് "ഡാഡി" എന്നതിനേക്കാൾ ഒട്ടും പരിചയക്കുറവുള്ള വാക്കല്ല, എന്നാൽ "അപ്പൻ" എന്നതിനേക്കാൽ കൂടുതൽ അടുപ്പമുള്ളതുമാണ്.

മുഖ്യവിഷയമല്ലെങ്കിലും, ദൈവം പിതാവാണ് എന്ന ആശയം പഴയനിയമത്തിൽ കാണാം (പുറ. 4:22; ആവ. 8:5; 14:1; 32:6; സങ്കീ. 2:7; 103:13; യെശ. 63:16; 64:8; യിരെ. 3:4, 19; ഹോശേ. 11:1-4; മലാ. 2:10). രണ്ട് നിയമങ്ങൾക്കിടയിലെ കാലയളവിൽ, യെഹൂദ സാഹിത്യത്തിലെ പ്രാർത്ഥനയിൽ ദൈവത്തെ പിതാവായി സംബോധന ചെയ്തിരുന്നു എന്നതു താൽപര്യം ജനിപ്പിക്കുന്നതാണ്.[24] എങ്ങനെയായാലും, ദൈവം പിതാവാണെന്ന ആശയം, യേശു തന്റെ ശുശ്രൂഷയിൽ കൂടുതൽ വ്യാപിപ്പിക്കുകയുണ്ടായി.

**ദൈവനാമം** വിശുദ്ധീകരിക്കപ്പെടേണമെ എന്ന് യേശു പറഞ്ഞു.

സങ്കീർത്തനക്കാരൻ എഴുതി, "അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു" (സങ്കീ. 111:9). അവിടെ കെജെവി പറയുന്നത്, "അവന്റെ നാമം ആദരണിയവും വിശുദ്ധവുമാകുന്നു" എന്നാണ്. "റെവറെന്റ്" എന്നത് ദൈവത്തിന്റെ നാമമോ പേരോ അല്ല, അത് ദൈവത്തിന്റെ പേരിന്റെ വിശേഷണമാകുന്നു. അവന്റെ നാമം ബഹുമാനിക്കയും ആദരിക്കയും ചെയ്യേണ്ടതാണ് (പുറ. 20:7 നോക്കുക).

"ഹലൗഡ്" എന്നത് *ഹാഗിയാസോ* എന്നതിന്റെ ആർകേയിക് തർജിമയാണ്, അതിനർത്ഥം, "വിശുദ്ധമാക്കുക" എന്നാണ്. വാസ്തവത്തിൽ ദൈവത്തിന്റെ നാമം വിശുദ്ധമാക്കുന്നത്, അവനെ ആദരിക്കയും മഹത്വപ്പെടുത്തുകയും, അനുസരിക്കുകയും ചെയ്തുകൊണ്ടാണ് (5:16; 7:21; 1 കൊ. 10:31). "ഹലൗഡ്" എന്ന വാക്കുമായി ബന്ധപ്പെട്ട മറ്റു വാക്കുകളാണ്, "സെയിന്റ്," "സാങ്റ്റിഫൈ," "സാങ്റ്റിഫിക്കേഷൻ." ദൈവം വിശുദ്ധനാകയാൽ, അവന്റെ മക്കളും വിശുദ്ധരാകണം (1 പത്രൊ 1:15, 16).

**വാക്യം 10**. ദൈവത്തെ സംബോധന ചെയ്ത് ആദരിച്ചശേഷം, യേശു തന്റെ രാജ്യത്തിലേക്ക് തിരിഞ്ഞു പറഞ്ഞു, "നിന്റെ രാജ്യം വരേണമേ." യേശു ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച സമയത്ത് രാജ്യം വന്നിട്ടില്ലായിരുന്നു (3:2; 4:17; 10:7; മർക്കൊ. 9:1; പ്രവൃ. 1:6–8). പ്രവൃത്തികൾ 2-ൽ രേഖപ്പെടുത്തിയിരിക്കുന്ന പെന്തെകൊസ്തുനാളിലെ സംഭവങ്ങൾ പ്രതീക്ഷിക്കുന്ന ഒന്നായിരുന്നു ആ പ്രാർത്ഥന. അന്നു പത്രൊസ് സുവിശേഷം ആദ്യമായി അതിന്റെ പൂർണ്ണമായ അവസ്ഥയിൽ പ്രസംഗിച്ചു. ദൈവം യേശുവിനെ ഉയർപ്പിച്ച് ദാവീദിന്റെ സിംഹാസനത്തിലിരുത്തി, ആ സമയത്ത് സ്വർഗത്തിലിരുന്നു ദൈവത്തിന്റെ രാജ്യത്തെ വാണു തുടങ്ങിയിരുന്നു (പ്രവൃ. 2:24–36). യേശുവിനെ "കർത്താവും ക്രിസ്തുവുമാക്കി വെച്ചു" (പ്രവൃ. 2:36). "ക്രിസ്തു" എന്നാൽ മശിഹ അല്ലെങ്കിൽ "അഭിഷിക്തൻ." രാജ്യം വന്നുകഴിഞ്ഞു (കൊലൊ. 1:13; എബ്രാ. 12:28; വെളി. 1:9). ക്രിസ്തു അതിന്മേൽ ഇപ്പോൾ വാണുകൊണ്ടിരിക്കുന്നു, രാജ്യം അവസാനം പിതാവായ ദൈവത്തെ ഏൽപിക്കുന്നതുവരെ അവൻ വാഴുകയും ചെയ്യും (1 കൊ. 15:24–26).

രാജ്യവുമായുള്ള അടുത്ത ബന്ധത്തിൽ യേശു പഠിപ്പിച്ചു, **"നിന്റെ ഇഷ്ടം സ്വർഗത്തിലേപോലെ ഭൂമിയിലും ആകേണമേ."** ദൂതന്മാരും സ്വർഗീയ സൈന്യവും ദൈവേഷ്ടം ഉറപ്പിച്ചിരിക്കയാണ്. അതേ രീതിയിൽ ഭൂമിയിലുള്ള ആളുകളും ദൈവേഷ്ടത്തിന് കീഴ്പ്പെടുവാനായി പ്രാർത്ഥനയിൽ അവൻ നിർദ്ദേശിക്കുകയായിരുന്നു. ശിഷ്യന്മാർ ആദ്യം ദൈവേഷ്ടത്തിന് തങ്ങളെത്തന്നെ ഏൽപിക്കണമെന്നാണ് ആ പ്രാർത്ഥന പഠിപ്പിക്കുന്നത്. ആ എളിമയുള്ള മനോഭാവത്തിന് വലിയ ത്യാഗം ആവശ്യമാണ്. "എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ" എന്ന് പറഞ്ഞു യേശു അവസാനം വലിയ വില നൽകി (ലൂക്കൊ. 22:42).

**വാക്യം 11**. ആത്മിയ കാര്യങ്ങളിൽനിന്നു യേശു പെട്ടെന്ന് ഭൗതികമായ ആവശ്യങ്ങളിലേക്ക് തിരിഞ്ഞു. അവൻ പറഞ്ഞു, **"ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ."** "ദിവസേന" എന്നതിനു തർജിമ ചെയ്ത ഗ്രീക്ക് വാക്ക് (*എപിയസിയസ്*) തിരുവെഴുത്തിൽ മറ്റൊരു ഭാഗത്തും കാണുന്നില്ല (ലൂക്കൊ. 11:3 ലെ സമാനതയിൽ പറയുന്നതൊഴിച്ചാൽ). ആ വാക്കിനു "മതിയായ," "ദിവസവും," "നാളത്തേക്ക്" എന്നെല്ലാം അർത്ഥമുണ്ട്. ശരിയായ തർജിമ എന്തായാലും, "ഈ ദിവസം" എന്നതിന് പകരം പ്രാർത്ഥന ദൈവ

ത്തിൽനിന്ന് അടിസ്ഥാന ആവശ്യങ്ങൾ ലഭിക്കുന്നതിനാണ് (ലൂക്കൊ. 11:3-ൽ) "ഓരോ ദിവസവും."

മിക്ക അവികസിത രാജ്യങ്ങളിലും, ഒരു ദിവസത്തെ ആഹാരത്തിന് ഇപ്പോഴും ദിവസം മുഴുവൻ ജോലി ചെയ്യേണ്ടതായിട്ടുണ്ട്. സമൃദ്ധി പലപ്പോഴും, നന്ദിയില്ലായ്മയിലേക്കും ദിവസവും ദൈവത്തിലുള്ള ആശ്രയമില്ലായ്മയിലേക്കും നയിക്കും (ആവ. 6:10-12; 8:11-18). ദൈവം യിസ്രായേലിന് സ്വർഗത്തിൽനിന്നു മന്നാ പൊഴിച്ചുകൊടുത്തപ്പോൾ, ശബ്ബത്തൊരുക്കത്തിനൊഴിച്ച് മറ്റെല്ലാ ദിവസങ്ങളിലും, ഓരോരുത്തന്ന് അതാതു ദിവസത്തേക്കു മാത്രമായിരുന്നു നൽകിയത് (പുറ. 16:12-31). ഒരു ദിവസത്തിൽ കൂടുതൽ പെറുക്കി ശേഖരിച്ചാൽ, അടുത്ത ദിവസം പ്രഭാതത്തിൽ അത് ചീത്തയാകുകയും പുഴുവരിക്കുകയും ചെയ്യുമായിരുന്നു. നാളെയെ കുറിച്ചു വിചാരപ്പെടുകയും, അതു വരാതിരിക്കുകയും ചെയ്യുന്ന മൗഢ്യത്തെ യാക്കൊബ് ഓർപ്പിക്കുന്നു (യാക്കൊ. 4:13-15; മത്താ. 6:34).

**വാക്യം 12**. യേശു പറഞ്ഞതനുസരിച്ച് പ്രാർത്ഥനയിലെ മറ്റൊരു ഘടകമാണ് പാപക്ഷമ. **കടം** എന്നതു (*ഓഫയിലേമാ*) ഗ്രീക്കിൽ "പാപം" എന്നതിനുള്ള അഞ്ചു വാക്കുകളിലൊന്നാണ് (ലൂക്കൊ. 11:4 നോക്കുക), അതു പുതിയ നിയമത്തിൽ വളരെ വിരളമായി മാത്രമെ ഉപയോഗിച്ചിട്ടുള്ളു. എങ്ങനെയായാലും, അതിന്റെ ക്രിയാ രൂപം മുപ്പതിലധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. യേശുവിന്റെ കാലത്തെ പാലസ്തീനിലെ ഭാഷ അരാമ്യയായിരുന്നു, ആ ഭാഷയിൽ ആചാരമായി പാപം എന്നതിന് "കടം" (*ഹോബാ*)[25] എന്നാണ് ഉപയോഗിച്ചത്. ദൈവത്തിന്റെ കൃപാസനത്തോട് സമീക്കുന്നതിനു യോജിച്ച വാക്കാണ് അത്, കാരണം നാമെല്ലാവരും **കടക്കാരാണ്**. ആ സത്യത്തെ വെളിപ്പെടുത്തുന്നതായിരുന്നു, യേശു പഠിപ്പിച്ച ക്ഷമിച്ചുകൊടുക്കാത്ത ദാസന്റെ ഉപമ (18:23-35). ക്ഷമിക്കുവാൻ മനസില്ലാത്തവരോട് ദൈവവും ക്ഷമിക്കുകയില്ല എന്ന മറ്റൊരു പാഠവും നമ്മെ അതു പഠിപ്പിക്കുന്നു. യേശു തന്റെ മാതൃകാ പ്രാർത്ഥനയിൽ യേശു അതു വ്യക്തമാക്കുകയും, പിന്നെ 6:14, 15-ൽ അതിനെ വിപുലമാക്കുകയും ചെയ്യുന്നു. നമുക്ക് എതിരെ പാപം ചെയ്തവർ പാപക്ഷമാപണത്തിന് അർഹരായാലും ഇല്ലെങ്കിലും നാം അവരോട് **ക്ഷമിച്ചാൽ** മാത്രമെ ദൈവം നമ്മോട് ക്ഷമിക്കയുള്ളു. യേശു മറ്റുള്ളവരോട് ക്ഷമിച്ചതുപോലെ - തന്നെ ക്രൂശിച്ചവരോട് പോലും ക്ഷമിച്ചതുപോലെ നാമും മറ്റുള്ളവരോട് ക്ഷമിക്കണം (ലൂക്കൊ. 23:34).

**വാക്യം 13**. യേശു തന്റെ പ്രാർത്ഥന അവസാനിപ്പിച്ചു പറഞ്ഞു, **"പരീക്ഷയിൽ ഞങ്ങളെ കടത്താതെ ദുഷ്ടനിൽനിന്നു ഞങ്ങളെ വിടുവിക്കേണമേ."** "പരീക്ഷണം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പെയിരാസ്മോസ്*) "ദൈവത്താലുള്ള പരിശോധന" ആയിട്ടോ അല്ലെങ്കിൽ "പിശാചിനാലുള്ള പരീക്ഷണമായിട്ടോ" പറയാം (4:1 ന്റെ പരാമർശം നോക്കുക). നമ്മെ പരീക്ഷിക്കുവാൻ ദൈവം അനുവദിക്കും. പക്ഷെ "ദൈവം ആരെയും പരീക്ഷിക്കുകയില്ല" (യാക്കൊ. 1:13) . നമ്മെ പരീക്ഷിക്കുവാൻ ദൈവം അനുവദിക്കുമ്പോൾ, അവൻ സാത്താനെ പരിമിതപ്പെടുത്തും (ഇയ്യോ. 1; 2). നമുക്ക് അതിൽനിന്നു രക്ഷപ്പെടുവാനുള്ള പോക്കുവഴിയും ദൈവം ഒരുക്കും (1 കൊ. 10:13).

"പരീക്ഷയിൽ കടത്തരുതേ" എന്നതിന്റെ ശരിയായ അർത്ഥത്തെ ചൊല്ലി വാദമുയർന്നിട്ടുണ്ട്. "ദൈവം ആരെയെങ്കിലും പരീക്ഷണത്തിലേക്ക് കടത്തിവിടുമോ"? എന്നു നാം ചോദിച്ചു പോകും. എങ്ങനെയായാലും, "പിശാചിനാ

ൽ പരീക്ഷിക്കപ്പെടേണ്ടതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നടത്തി" എന്നു നാം വായിക്കുന്നു (4:1). ആത്മിയ ഗോളത്തിൽ നടക്കുന്ന പല കാര്യങ്ങളും നമുക്ക് അജ്ഞാതമാണ് (എഫെ. 6:12), "കർത്താവ് ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിപ്പാൻ അറിയുന്നു" (2 പത്രൊ. 2:9). അതുകൊണ്ട്, യേശുവിന്റെ ശിഷ്യന്മാർ "പരീക്ഷയിൽ കടക്കാതിരിക്കേണ്ടതിന് പ്രാർത്ഥിക്കണം." (26:41), "ദുഷ്ടതയിൽനിന്നു," അല്ലെങ്കിൽ "ദുഷ്ടനിൽനിന്നു" ദൈവം വിടുവിക്കുക തന്നെ ചെയ്യും (എൻഐവി).

പിന്നീട് ഗ്രീക്ക് കയ്യെഴുത്തുപ്രതികൾ ഈ ദൈവസ്തുതിയോടുകൂടി അവസാനിപ്പിച്ചിരിക്കുന്നു, എൻഏഎസ്ബിയിൽ അത് ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നത്. **"[രാജ്യവും, ശക്തിയും, മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. ആമേൻ.]"** രണ്ടാം നൂറ്റാണ്ടിലെ ഒരു ക്രിസ്തീയ എഴുത്തായ *ഡിഡാക്കെയിൽ*, ചുരുക്കമായിട്ടാണ് അവസാനിപ്പിക്കുന്നത്: "ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ"[26] ദൈവസ്തുതിയുടെ വിഷയങ്ങൾ ("രാജ്യവും, ശക്തിയും, മഹത്വവും"), അവ പ്രാർത്ഥനയുടെ ആരംഭത്തിലും കാണാം (6:9, 10).

## നിബന്ധനയോടുകൂടിയ പാപക്ഷമാപണം (6:14, 15)

**14"നിങ്ങൾ മനുഷ്യരുടെ പിഴകളെ അവരോട് ക്ഷമിച്ചാൽ, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാലോ, 15നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല."**

**വാക്യങ്ങൾ 14, 15.** ക്ഷമിക്കുക എന്നതിന്റെ ഗ്രീക്ക് വാക്ക് (*അഭിയെമി*), അർത്ഥം "ദൂരെ കളയുക," "റദ്ദ് ചെയ്യുക," അല്ലെങ്കിൽ "ക്ഷമിക്കുക" എന്നാണ്. നാം പാപം ചെയ്യുമ്പോൾ, ദൈവം നമ്മുടെ പാപങ്ങൾ നമ്മോട് ക്ഷമിക്കുകയും, അവ ദൂരെ കളയുകയും ചെയ്യുന്നു. അവൻ ആ പാപങ്ങളെ മറക്കുന്നില്ലെങ്കിലും, അങ്ങനെ ഒന്നു സംഭവിച്ചിട്ടില്ലാത്തപോലെയാണ് നമ്മോട് പെരുമാറുന്നത്.[27]

**അകൃത്യങ്ങൾ** എന്നതു ബഹുവചനത്തിലാണ് തർജിമ ചെയ്തിരിക്കുന്നത് (*പാരാപ്ടോമാ*), അതിനെ "ലംഘനങ്ങൾ" എന്നും പറയാം. ആ വാക്ക് സുവിശേഷങ്ങളിൽ ഇവിടെയും, മർക്കൊ. 11:25, 26 ലും മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. "തെറ്റായ പടി," "ഇടർച്ച," "വീഴ്ച്ച" എന്നീ ആശയങ്ങളാണ് അതിനുള്ളത്. വാക്യം 12 ലെ "കടം" (*ഓഫൈലേമാ*), "പാപം" എന്നതിനുള്ള മറ്റൊരു വാക്കാണ് അത്.

നമുക്ക് എതിരായി പാപം ചെയ്തവരോട് നാം **ക്ഷമിക്കുന്നതിന്റെ** അടിസ്ഥാനത്തിലാണ് ദൈവം നമ്മോട് പാപങ്ങളെ ക്ഷമിക്കുന്നത്. നാം പാപങ്ങളെ ക്ഷമിക്കാഞ്ഞാൽ, ദൈവവും നമ്മോട് **ക്ഷമിക്കുകയില്ല**.

## ഉപവാസം (6:16-18)

**16"ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപോലെ വാടിയ മുഖം കാണിക്കരുത്. അവർ ഉപവസിക്കുന്നത് മനുഷ്യർക്ക് വിളങ്ങേണ്ടതിന് മുഖം വിരൂപമാക്കുന്നു; അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമാ**

**യിട്ടു നിങ്ങളോട് പറയുന്നു. [17]നീയോ ഉപവസിക്കുമ്പോൾ [18]നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന്നു വിളങ്ങേണ്ടതിന് തലയിൽ എണ്ണ തേച്ച് മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും."**

നൽകലിനെ കുറിച്ചും (6:2–4), പ്രാർത്ഥനയെ കുറിച്ചും (6:5–15) ചർച്ച ചെയ്തശേഷം, തന്റെ ശിഷ്യന്മാർക്കുണ്ടാകേണ്ട മൂന്നാമത്തെ മുഖ്യമായ ആത്മിയ അച്ചടക്കത്തെ - ഉപവാസത്തെ കുറിച്ചു സംസാരിച്ചു (6:16–18). ഒരിക്കൽകൂടെ, മനുഷ്യരുടെ ഇടയിൽ കുപ്രസിദ്ധി നേടുന്നതിനെതിരായി യേശു സംസാരിച്ചു.

**വാക്യം 16. നിങ്ങൾ ഉപവസിക്കുമ്പോൾ** എന്ന പ്രയോഗത്തോടെയാണ് യേശു ഉപവാസം എന്ന വിഷയത്തെ കുറിച്ചു സംസാരിച്ചു തുടങ്ങിയത്. യെഹൂദ പരിശീലനമായ ഭിക്ഷ കൊടുക്കൽ (6:2), പ്രാർത്ഥന (6:5) എന്നിവ, തന്റെ ശിഷ്യന്മാർ ചെയ്തുപോന്നതായിട്ടാണ് യേശു പറയുന്നത്.

"ഉപവാസം" എന്നതിനുള്ള പഴയനിയമ എബ്രായ വാക്കാണ് (*റ്റ്സൂം*). പ്രായശ്ചിത്ത ദിവസം എളിമപ്പെട്ട് ആത്മതപനം ("*ഞെരുക്കൽ*"; കെജെവി) ചെയ്യുന്നതിനോടനുബന്ധിച്ചുള്ളതായിരുന്നു ഉപവാസം (ലേവ്യാ. 16:29–31). ന്യായപ്രമാണത്തിൽ കൽപിച്ചതായ ഉപവാസം ഇതു മാത്രമായിരുന്നു, എന്നാൽ നൂറ്റാണ്ടുകളായി വേറെയും ഉപവാസദിവസങ്ങൾ അവർ ചിട്ടപ്പെടുത്തിയിരുന്നു. യെഹൂദ പാരമ്പര്യം പറയുന്നു, "പ്രായശ്ചിത്ത ദിവസത്തിൽ, (1) ഭക്ഷിക്കുന്നതും (2) പാനം ചെയ്യുന്നതും, (3) കുളിക്കുന്നതും, (4) എണ്ണ തേക്കുന്നതും, (5) ചെരിപ്പ് ഇടുന്നതും, (6) ലൈംഗികബന്ധം പുലർത്തുന്നതും വിലക്കിയിരുന്നു."[28]

ചില പഴയനിയമ ഉപവാസം ചില സാഹചര്യങ്ങളിലുള്ളതും അസാധാരണവുമായിരുന്നു, എന്നാൽ മറ്റുള്ളവ നിരന്തരമായി ചെയ്തിരുന്നു. രോഗത്തിനും, വിലാപത്തിനും, പാപം നിമിത്തമുള്ള ദുഃഖത്തിനും, ദുരന്തങ്ങൾ നിമിത്തവും, മറ്റു സങ്കീർണ്ണപ്രശ്നങ്ങൾക്കും ആളുകൾ ഉപവസിച്ചിരുന്നു (സങ്കീ. 35:13 നോക്കുക). ദാവീദിന്റെ മകന് മരിക്കത്തക്ക രോഗം വന്നപ്പോൾ ദാവീദ് ഉപവസിച്ചിരുന്നു (2 ശമു. 12:16–23). ശൗലിനും അവന്റെ മക്കൾക്കും വേണ്ടി ദാവീദും യാബേശിലെ ജനങ്ങളും ഏഴു ദിവസം ഉപവസിച്ചിരുന്നു (1 ശമു. 31:12, 13; 2 ശമു. 1:11–16). ദൈവത്തിൽനിന്നും വെളിപ്പാട് ലഭിക്കുന്നതിനു മുൻപ് മോശെയും ദാനിയേലും ഉപവസിച്ചിരുന്നു (പുറ. 34:28; ദാനി. 9:3). ഈസെബേലിന്റെ കോപത്തിൽനിന്നും ഓടിയപ്പോൾ ഏലിയാവ് ഉപവസിച്ചിരുന്നു (1 രാജാ. 19:8). തന്റെ പാപങ്ങൾ നിമിത്തം ദൈവശാപം തന്നിൽ വരുവാൻ പോകുന്നു എന്നറിഞ്ഞപ്പോൾ ദുഷ്ടനായിരുന്ന ആഹാബും ഉപവസിച്ചിരുന്നു, തൻനിമിത്തം ദൈവം തന്റെ കോപം മാറ്റിവെച്ചു (1 രാജാ. 21:27). കൂട്ടമായും ദേശം ഒന്നടക്കവും ഉപവസിച്ചതായി പഴയനിയമത്തിൽ ഉദാഹരണങ്ങൾ നമുക്ക് കാണുവാൻ കഴിയും (യോശു. 7:6; ന്യായാ. 20:24–28; 1 ശമു. 7:6; 2 ദിന. 20:3; എസ്രാ. 8:21–23; നെഹ. 9:1; യോനാ. 3:5). യെഹൂദന്മാരെ ബാബേലിലേക്ക് പ്രവാസികളായി കൊണ്ടുപോയപ്പോൾ, ഓരോ സമയം നിശ്ചയിച്ച് അവരുടെ പാപങ്ങൾക്കുള്ള ദുഃഖ സൂചനയായി ഉപവസിച്ചിരുന്നു. നാലാം മാസത്തിലും, അഞ്ചാം മാസത്തിലും, ഏഴാം മാസത്തിലും, പത്താം മാസത്തിലും ആളുകൾ ഉപവസിച്ചിരുന്നതായി സെഖര്യാവ് രേഖപ്പെടുത്തിയിരിക്കുന്നു

(സെഖ. 7:1–7; 8:19).

"ഉപവാസം" എന്നതിന്റെ ഗ്രീക്ക് വാക്കും (*നെസ്റ്റെയുവോ*) അതുമായി ബന്ധപ്പെട്ട നാമങ്ങളുമായി പുതിയനിയമത്തിൽ ഏതാണ്ട് മുപ്പതു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതു കാണാം. ഭക്ഷണവും പാനിയവും ഉപേക്ഷിക്കണമെന്നാണ് ആ വാക്കുകൾ സൂചിപ്പിക്കുന്നത്. ഉപവാസം മിക്കവാറും ആത്മിയമായ ആവശ്യങ്ങൾക്കുള്ളതായിരുന്നു. അത് ശരിയായി ചെയ്തപ്പോൾ, അവർക്ക് ദൈവത്തോടു അടുക്കുവാൻ കഴിഞ്ഞിരുന്നു. അതുപോലെ, അതു പലപ്പോഴും പ്രാർത്ഥനയുമായി ബന്ധപ്പെട്ടുള്ളതായിരുന്നു (ലൂക്കൊ. 2:37; 5:33; പ്രവൃ. 13:3; 14:23). കാണിക്കേണ്ടതിനായിരുന്നില്ല ഉപവാസം; മനസു തകർന്നു, വിശുദ്ധ മനോഭാവത്തിൽ ഹൃദയപൂർവ്വം ചെയ്യേണ്ടതായിരുന്നു.

ന്യായപ്രമാണത്തിൻകീഴിൽ ജീവിച്ചു മരിച്ച യേശു, സാത്താനെ കണ്ടു മുട്ടുന്നതിനു മുമ്പ് (4:2) നാൽപതു രാവും നാൽപതു പകലും ഉപവസിച്ചു. ഉപവസിക്കുവാൻ യേശു ശിഷ്യന്മാരോട് കൽപിച്ചില്ല. എങ്ങനെയായാലും, തന്റെ ശിഷ്യന്മാർ ഉപവസിക്കുമെന്ന സൂചന അവൻ നൽകിയിരുന്നു.

പുതിയനിയമത്തിൽ ആരംഭ സഭ നിരന്തരമായി പ്രാർത്ഥിച്ച ഉദാഹരണങ്ങൾ ഇല്ല. മുഖ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനു മുൻപ് ക്രിസ്ത്യാനികൾ ഉപവസിച്ചിരുന്നു, ഉദാഹരണമായി പൗലൊസിനേയും ബർന്നബാസിനേയും ഒന്നാമത്തെ സുവിശേഷ ദൗത്യത്തിനു അയക്കുന്നതിനു മുമ്പ് (പ്രവൃ. 13:2), ഇടവകയെ സേവിക്കുവാൻ മൂപ്പന്മാരെ തിരഞ്ഞെടുക്കുന്നതിനു മുമ്പ് (പ്രവൃ. 14:23).

ക്രിസ്തു വന്നപ്പോൾ, പരീശന്മാർ ആഴ്ച്ചയിൽ രണ്ട് വട്ടം ഉപവസിച്ചിരുന്നു (ലൂക്കൊ. 18:12), സാധാരണ തിങ്കളാഴ്ച്ചയും വ്യാഴാഴ്ച്ചയുമായിരുന്നു, കാരണം അവ ചന്ത ദിവസങ്ങളായിരുന്നു.[29] തങ്ങളുടെ ഭക്തി ആളുകളെ കാണിക്കുവാൻ പറ്റിയ അവസരമായി അവർ അതിനെ കണ്ടിരുന്നു. യേശുക്രിസ്തു ആരെ കുറിച്ചു സംസാരിച്ചുവോ അവർ തങ്ങളുടെ ശരിയായ **പ്രത്യക്ഷത മറച്ച്** ഉപവസിച്ചുവെന്ന് തോന്നിപ്പിക്കുന്ന **വാടിയ മുഖമാണ്** പ്രദർശിപ്പിച്ചിരുന്നത്. അവർ ഒരുപക്ഷെ തല ചീകാതെയും, വസ്ത്രത്തിന്റെ ചുളുക്കുമാറ്റാതെയും, പൗഡറിട്ട് അവരുടെ മുഖം വിളറിയതായി കാണിച്ചേക്കാം. ഒരിക്കൽ കൂടെ യേശു പറഞ്ഞത് **കപടഭക്തിക്കാർ** – തങ്ങൾ ദൈവമുൻപാകെ താഴുന്നതായി പരസ്യമായി പ്രദർശിപ്പിക്കുകയാണ് – അവർക്ക് **പ്രതിഫലം കിട്ടിപ്പോയി**.

**വാക്യങ്ങൾ 17, 18.** അതിൽനിന്നു വ്യത്യസ്തമായി അവരുടെ ഉപവാസം മറ്റുള്ളവരെ കാണിക്കേണ്ടതിന് ആകരുത് എന്നാണ് യേശു ശിഷ്യന്മാരോട് പറഞ്ഞത്. യെഹൂദ പാരമ്പര്യത്തിനെതിരായി, ഉപവസിക്കുമ്പോൾ [അവന്റെ] **തലയിൽ എണ്ണതേച്ച്** [അവന്റെ] **മുഖം കഴുകിയിട്ടുവേണം** അതു ചെയ്യുവാൻ എന്നാണ് കർത്താവ് അരുളിച്ചെയ്തത്.[30] കർശനമായ ഉപവാസ മൂലകങ്ങളായി ആചാരം കണക്കാക്കിയിരുന്നതിനു വിപരീതമായി ഒരാളുടെ നീതി രഹസ്യമായി വെക്കുവാനായിരുന്നു യേശു പഠിപ്പിച്ചത്.[31] ചിലപ്പോൾ ഒരാളുടെ ഉപവാസം മുഴുവൻ രഹസ്യമായി വെക്കുവാനും കഴിയുകയില്ല എന്നോർക്കുക (6:4, 6 ന്റെ പരാമർശം നോക്കുക), പക്ഷെ ശിഷ്യന്മാർ അതു രഹസ്യത്തിൽ ചെയ്യുവാൻ ശ്രമിച്ചിരുന്നു. തങ്ങളുടെ നീതി പ്രവർത്തികൾ അവന്റെ ശിഷ്യന്മാർ പരസ്യപ്പെടുത്തരുത് എന്നാണ് കർത്താവ് ആഗ്രഹിച്ചത്. അവർ താഴ്മയോടെ ഉപവസിച്ചാൽ ദൈവം പ്രതിഫലം നൽകും.

**ഹൃദയത്തിൽനിന്നും നൽകൽ (6:2-4)**

മത്തായി 6:1-18-ൽ, നൽകൽ, പ്രാർത്ഥന, ഉപവാസം എന്നീ നീതി പ്രവൃത്തികൾ ചെയ്യുന്നതിനെ കുറിച്ചാണ് ചർച്ച ചെയ്തത്. ഈ ഭാഗത്ത് നൽകുന്നതിനെ (6:2-4) കുറിച്ച് നാം മൂന്നു പാഠങ്ങൾ പഠിച്ചു.

*ഒന്നാമത്, ദൈവത്തോടുള്ള സ്നേഹം നിമിത്തമാണ് നാം നൽകേണ്ടത്, അല്ലാതെ നമുക്ക് ചുറ്റുമുള്ളവരെ കാണിക്കേണ്ടതിനാകരുത്.* മറ്റുള്ളവരുടെ മതിപ്പ് ലഭിക്കുവാനായി നൽകുന്നതിനെതിരെയാണ് യേശു മുന്നറിയിച്ചത്. ആ തത്വം നന്നായി ചിത്രീകരിക്കുന്നതാണ് അനന്യാസിന്റേയും സഫീരയുടേയും സംഭവം. ആ ദമ്പതിമാർ കുറെ നിലം വിറ്റു ഒരു ഭാഗം വീട്ടിൽ വെച്ചിട്ട് ശേഷം ഭാഗം അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടുവന്നു വെച്ചു. അവൻ വീട്ടിൽ വെച്ച പണം സ്വന്തം ആവശ്യത്തിനായിരുന്നു, എന്നാൽ മുഴുവൻ കൊണ്ടു വന്നു എന്ന നാട്യത്താലായിരുന്നു അവന്റെ പ്രവൃത്തി. അവൻ ഇത് ചെയ്തത് ഭാര്യയുടെ അറിവോടെയായിരുന്നു. അവരുടെ യോജിച്ച വഞ്ചനയുടെ ഫലം മരണമായിരുന്നു. അവരുടെ കാപട്യത്തെ ദൈവം ഒരു ദൃഷ്ടാന്തമാക്കി (പ്രവൃ. 5:1-11). മറ്റുള്ളവരെ കാണിക്കുവാനായി നൽകുന്നവർക്ക് "പ്രതിഫലം കിട്ടിപ്പോയി" എന്നാണ് യേശു പറഞ്ഞത് - അതായത്, മനുഷ്യരുടെ കയ്യടിയാണ് അവർക്ക് പ്രതിഫലമായി ലഭിച്ചത്. പകരം, ക്രിസ്ത്യാനി ദൈവത്തോടുള്ള സ്നേഹം നിമിത്തമായിരിക്കണം നൽകേണ്ടത്. യോഹന്നാൻ എഴുതി, "അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു" (1 യോഹ. 4:19). നാം ദൈവത്തെ ആദരിക്കുവാനായി നൽകുമ്പോൾ, അവസാനം അവൻ നമുക്ക് പ്രതിഫലം തരും.

*രണ്ടാമത്, നാം പരസ്യമാക്കാതെ നൽകണം.* നൽകുന്നതിനെ സംബന്ധിച്ച്, യേശു പറഞ്ഞു, "നിങ്ങളുടെ വലങ്കൈ ചെയ്യുന്നത് ഇടങ്കൈ അറിയരുത്." നൽകുന്നത് കഴിവതും പരസ്യമാക്കാതെ ചെയ്യണം എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്നതാകാം അത്. നൽകുമ്പോൾ, നാം നമ്മുടെ ഔദാര്യം മറ്റുള്ളവരെ കാണിക്കരുത്.

*മൂന്നാമത്, നൽകുന്നത് വാസ്തവത്തിൽ മറ്റുള്ളവരെ സഹായിക്കുവാനായിരിക്കണം.* സന്ദർഭത്തിൽ, യെഹൂദന്മാർ സാധുക്കൾക്ക് ഭിക്ഷ കൊടുക്കുന്ന പരിശീലനത്തെ ആയിരുന്നു കൈകാര്യം ചെയ്തത്. പല ആവശ്യങ്ങളും നിറവേറ്റി, മനസലിവിന് തന്നെത്തന്നെ യേശു മാതൃകയാക്കിയിരുന്നു. ആ പ്രശ്നങ്ങളിൽ ചിലത് ഭൗതികമായിരുന്നു (വിശപ്പ്, ദാഹം, രോഗം, വ്യാധി, മരണം). മറ്റുള്ളവ ആത്മിയമായിരുന്നു (അജ്ഞത, ഭൂതബാധ, ആത്മിയ മരണം). മറ്റുള്ളവരുടെ കഷ്ടത നീങ്ങേണ്ടതിനായിരിക്കണം നാം നൽകേണ്ടത്. യാക്കോബ് എഴുതി, "ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ അനാഥരേയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും, ലോകത്താലുള്ള കളങ്കം പറ്റാതെവണ്ണം തന്നെത്താൻ സൂക്ഷിച്ചുകൊള്ളുന്നതും ആകുന്നു" (യാക്കൊ. 1:27). "കാണുക" എന്നാൽ എന്താണെന്ന് അവൻ വിശദീകരിക്കയും ചെയ്തിരിക്കുന്നു: "ഒരു സഹോദരനോ സഹോദരിയോ നഗ്നരും, അഹോവൃത്തിക്ക് വകയില്ലാതെയുമിരിക്കെ, നിങ്ങളിൽ ഒരുത്തൻ അവരോട്, സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷക്ക് ആവശ്യമു

ള്ളത് അവർക്ക് കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്?" (യാക്കൊ. 2:15, 16). ആവശ്യമുള്ളവരോട് അനുകമ്പാ ഭാവം പ്രകടിപ്പിച്ചാൽ അത് സഹായകരമാവുകയില്ല; അവരുടെ പരിതാപകരമായ അവസ്ഥക്ക് അയവു വരുന്നവിധത്തിൽ നാം എന്തെങ്കിലും ചെയ്യണം. വ്രണപ്പെട്ടിരിക്കുന്നവർക്ക് അവരുടെ ആവശ്യം നിറവേറ്റുന്ന വിധത്തിൽ എന്തെങ്കിലും ചെയ്യുന്നതാണ് വാസ്തവത്തിലുള്ള മനസലിവ് എന്നാണ് യേശു പഠിപ്പിച്ചത്.

നമ്മുടെ സംഭാവന ദൈവസന്നിധിയിൽ സ്വീകാര്യമാകുവാൻ മനുഷ്യരുടെ മുമ്പിൽ വിലയുള്ളതാകണമെന്നില്ല. ഒരു വിധവയുടെ "രണ്ട് വെള്ളിക്കാശ്" യേശുവിന്റെ ശ്രദ്ധ പിടിച്ചുപറ്റി (മർക്കൊ. 12:41–44). വാസ്തവത്തിലുള്ള ധർമ്മം എന്നു പറയുന്നത് വസ്ത്രമോ, ഒരു നേരത്തെ ഭക്ഷണമോ, ഒരു ഗ്ലാസ് വെള്ളമോ ആകാം (10:42; 25:34–40).

**പ്രാർത്ഥന (6:5-8)**

നാം ചോദിക്കുന്നതിനു മുമ്പ് നമ്മുടെ ആവശ്യങ്ങൾ പിതാവിന് അറിയാം, പിന്നെ നാം എന്തിനു ചോദിക്കണം? ദൈവത്തിനു നമ്മുടെ ആവശ്യങ്ങളെല്ലാം അറിയാം, എങ്കിലും നാം ദൈവത്തോട് സംസാരിക്കണം (7:7; ഫിലി. 4:6). ചിലപ്പോൾ നാം വീണ്ടും വീണ്ടും യാചിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ഈ സത്യം വെളിപ്പെടുത്തുവാൻ യേശു രണ്ട് ചിത്രീകരണങ്ങൾ പറയുന്നു, ഒന്ന് അർത്ഥരാത്രിയിൽ വരുന്ന സ്നേഹിതനെ കുറിച്ച് (ലൂക്കൊ. 11:5–10). മറ്റൊന്ന് സ്ഥിരോൽസാഹിയായിരുന്ന വിധവയെ കുറിച്ചാണ് (ലൂക്കൊ. 18:1–8). യേശു ഗെദ്ശെമനയിൽ മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചതുപോലെ (26:36–46), പൗലൊസ് തന്റെ "ജഡത്തിലെ ശൂലം" നീങ്ങുവാൻ മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു (2 കൊ. 12:7–10). ദൈവം നമ്മുടെ പ്രാർത്ഥനയുടെ ദൈർഘ്യമോ സംക്ഷിപ്തതയോ അല്ല നോക്കുന്നത്, പിന്നെയോ നമ്മുടെ മനോഭാവത്തെയാണ് നോക്കുന്നത്. നമ്മുടെ ആഗ്രഹങ്ങളുമായി ഒരുപക്ഷെ ദൈവത്തോടു നമുക്ക് യോജിച്ചുപോകുവാൻ പറ്റിയെന്നു വരികയില്ല, എന്നാൽ ചിലപ്പോൾ നമ്മുടെ പ്രത്യേകമായ ആവശ്യങ്ങൾക്ക് ദൈവം എങ്ങനെ മറുപടി നൽകുമെന്ന് നാം അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു.

നിർമ്മലമായ ഉദ്ദേശവും ആത്മാർത്ഥമായ ഹൃദയവും ശരിയായ പ്രാർത്ഥനക്ക് അനിവാര്യമാണ്. ദൈവം തന്റെ മക്കൾക്ക് ഏറ്റവും നല്ലതു നൽകുമെന്നും പ്രാർത്ഥനക്കു മറുപടി നൽകുമെന്നുമുള്ള വിശ്വാസത്തിൽ വേണം നാം പ്രാർത്ഥിക്കുവാൻ (1 യോഹ. 5:14, 15). നാം "ദൈവേഷ്ടപ്രകാരമായിരിക്കണം" എപ്പോഴും പ്രാർത്ഥിക്കുവാൻ. നാം ദൈവേഷ്ടം ചെയ്യാതെ നമുക്ക് "നിന്റെ ഇഷ്ടം ആകേണമേ" എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ കഴിയുകയില്ല. ദൈവേഷ്ടപ്രകാരം പ്രാർത്ഥിക്കുവാൻ, ദൈവേഷ്ടമെന്തെന്ന് അറിയണം, അത് അറിയുവാൻ നാം ദൈവേഷ്ടം വെളിപ്പെടുത്തിയിരിക്കുന്ന ദൈവവചനം പഠിക്കണം. നാം ആത്മാർത്ഥമായി, "നിന്റെ ഇഷ്ടം ആകേണമേ" എന്നു പ്രാർത്ഥിക്കുമ്പോൾ, അവൻ എപ്പോഴും നമ്മുടെ പ്രാർത്ഥന കേൾക്കുകയും, "ഉവ്വ്," അല്ലെങ്കിൽ "ഇല്ല," അതുമല്ലെങ്കിൽ "അൽപം കാത്തിരിക്കുക" എന്ന് ആയിരിക്കാം അവൻ മറുപടി നൽകുക, എന്നാൽ അവൻ തന്റെ ജനത്തിന്റെ പ്രാർത്ഥന എപ്പോഴും കേൾക്കും.

**മാതൃകാ പ്രാർത്ഥന (6:9-13)**

യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചപ്പോൾ, ഉൾപ്പെടുത്തിയ അഞ്ചു മൂലകങ്ങൾ, നമ്മുടെ ഇന്നത്തെ പ്രാർത്ഥനയിലും ഉൾപ്പെട്ടിരിക്കണം.

*ഒന്ന്, നാം പ്രാർത്ഥനയിൽ പിതാവിനെ പുകഴ്ത്തണം* (6:9). ദൈവം നമ്മുടെ സൃഷ്ടികർത്താവും, നിലനിർത്തുന്നവനും, വീണ്ടെടുപ്പുകാരനും ആകയാൽ, അവൻ പുകഴ്ച്ചക്ക് യോഗ്യനാണ്. അവന്റെ സ്നേഹം, വിശുദ്ധി, കരുണ, കൃപ എന്നീ മനോഗുണങ്ങൾക്ക് നാം അവനെ സ്തുതിക്കണം (വെളി. 4:8-11).

*രണ്ട്, നാം രാജ്യത്തിന് മുൻഗണന കൊടുക്കണം* (6:10). യേശു തന്റെ രാജ്യമായ, സഭ സ്ഥാപിച്ചുകഴിഞ്ഞു (16:18, 19; പ്രവൃ. 2). എങ്ങനെയായാലും, ഇപ്പോഴും സഭയുടെ വളർച്ചക്ക് വേണ്ടിയും നമ്മുടെ മിഷ്ണറിമാർക്കു വേണ്ടിയും, വിശ്വസ്തമായി ദൈവവചനമറിയിക്കുന്ന എല്ലാ ഉപദേഷ്ടാക്കന്മാർക്കും സുവിശേഷകന്മാർക്കും വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

*മൂന്ന്, നമുക്ക് ആഹാരം ലഭിക്കേണ്ടതിന്നു പ്രാർത്ഥിക്കണം* (6:11). ഇതെല്ലാം നമുക്ക് ആവശ്യമാണെന്നു ദൈവത്തിന് അറിയാം (6:32), പക്ഷെ നമ്മുടെ ജീവിതത്തിലെ അടിസ്ഥാന ആവശ്യങ്ങൾക്ക് നാം ദൈവത്തെ സമീപിക്കണം - ഉദാഹരണമായി, ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവക്ക്. കഴിഞ്ഞ കാലത്ത് അവൻ നമുക്ക് ചെയ്ത കാര്യങ്ങൾക്ക് നാം നന്ദി ചെലുത്തുകയും, ഭാവിയിൽ അവൻ നമ്മെ നിലനിർത്തുവാൻ ആവശ്യപ്പെടുകയും ചെയ്യണം.

*നാല്, നമ്മുടെ പാപങ്ങൾക്ക് നാം ക്ഷമാപണം യാചിക്കണം* (6:12). ക്രിസ്ത്യാനികളുടെ കഴിഞ്ഞ കാലപാപങ്ങളിൽനിന്നും അവരെ മോചിപ്പിക്കുമെങ്കിലും, തുടർച്ചയായി നാം ദൈവത്തിന്റെ പ്രതീക്ഷയിൽനിന്നും കുറവുള്ളവരായി കാണപ്പെടും. ആകയാൽ ക്രിസ്തുവിന്റെ രക്തത്താൽ നാം തുടർച്ചയായി കഴുകപ്പെടേണ്ടതിന് നാം പാപക്ഷമാപണത്തിനു തുടർച്ചയായി അപേക്ഷിച്ചുകൊണ്ടിരിക്കണം (1 യോഹ. 1:7-10). ദൈവം നമ്മോടു ക്ഷമിക്കണമെന്നുണ്ടെങ്കിൽ, നമുക്ക് മറ്റുള്ളവരോട് ക്ഷമിക്കുവാനുള്ള മനോഭാവം ഉണ്ടായിരിക്കണം.

*അഞ്ച്, ദുഷ്ടനിൽനിന്നുള്ള വിടുതലിന് നാം അപേക്ഷിക്കണം* (6:13). നമുക്കു ചുറ്റുമുള്ള ആത്മിയപോരാട്ടത്തിനായി നാം എപ്പോഴും ഉണർന്ന് ജാഗ്രതയോടെ ഇരിക്കണം (എഫെ. 6:10-20). പരീക്ഷണങ്ങളിൽ നമ്മെ സംരക്ഷിക്കേണ്ടതിനും, നാം നേരിടുന്ന പരീക്ഷണങ്ങളെ പരിശുദ്ധാത്മാവിനാൽ അതിജീവിക്കേണ്ടതിനും അപേക്ഷിക്കണം.

ഡേവിഡ് സ്റ്റുവർട്ട്

**മാതൃകാ പ്രാർത്ഥന ആവർത്തിക്കൽ (6:9-13)**

മാതൃകാ പ്രാർത്ഥന ഒരിക്കലും ആവർത്തിച്ചു ചൊല്ലുവാനുദ്ദേശിച്ചുള്ളതായിരുന്നില്ല. അതു തന്റെ ശിഷ്യന്മാർക്ക് പ്രാർത്ഥനയുടെ അടിസ്ഥാനകാര്യങ്ങൾ ഉദാഹരണമായി പറഞ്ഞു കൊടുത്തതാണ് (ലൂക്കൊ. 11:1-4). അത് ആവർത്തിച്ചാൽ യേശു തന്നെ മുൻപു പഠിപ്പിച്ചതായ "അർത്ഥശൂന്യമായ അതിഭാഷണം" എന്നതിന്റെ ലംഘനമായി തീരും (6:7). യെഹൂദന്മാർ പല തവണ വെറുതെ ഉരുവിട്ടുകഴിഞ്ഞതിനാൽ അവയുടെ അർത്ഥം പോലും നഷ്ടപ്പെട്ടിരിക്കുകയാണ്. പ്രാർത്ഥനാ പുസ്തകങ്ങളുള്ളവരും അതു തന്നെയാണ് ചെയ്തിരുന്നത്. യാതൊരു വിചാരമോ, അർത്ഥമോ ചിന്തിക്കാതെയായിരുന്നു അവർ അതു

വായിച്ചിരുന്നത്. എല്ലാവിധത്തിലും, പ്രാർത്ഥന ഹൃദയത്തിൽനിന്നു വന്നില്ലെങ്കിൽ വെറും ചടങ്ങായി പല പ്രയോഗങ്ങൾ നാം യാന്ത്രികമായി ഉരുവിട്ടെന്നു വരാം. പുതിയ നിയമത്തിൽ, സുവിശേഷങ്ങളിലോ, പ്രവൃത്തികളുടെ പുസ്തകങ്ങളിലോ, ലേഖനങ്ങളിലോ ഒരിടത്തും – യേശുവിന്റെ മാതൃകാ പ്രാർത്ഥനയിലെ അതേ വാക്കുകൾ ആവർത്തിച്ചു ചൊല്ലിയതായി നാം കാണുന്നില്ല.[32] ആ വാക്കുകൾ നാം മനപ്പാഠമാക്കുന്നതും ആവർത്തിക്കുന്നതും അവയുടെ ഇന്നത്തെ അർത്ഥം മനസിലാക്കി ഉപയോഗിക്കുന്നതും പ്രയോജനപ്രദമാണ്. എങ്ങനെയായാലും, ആ പ്രാർത്ഥനയിലെ വാക്കുകൾ ഒരു ചടങ്ങായി വെറുതെ ആവർത്തിച്ചു ഉരുവിടുവാനായിരുന്നില്ല യേശു ഉദ്ദേശിച്ചത്.

**"ഞങ്ങളുടെ പിതാവ്" (6:9)**

ദൈവത്തെ ആത്മിയ പിതാവായി വിളിക്കുവാൻ ദൈവത്തിന്റെ ഭവനത്തിലേക്ക് "വീണ്ടും ജനിച്ചവർക്കു" മാത്രമെ അവകാശമുള്ളു (യോഹ. 3:3; മത്താ. 23:9). ഒരർത്ഥത്തിൽ, തലമുറകളായി എല്ലാവരേയും ദൈവം ജനിപ്പിച്ചിരിക്കയാൽ, എല്ലാവരും ദൈവത്തിന്റെ മക്കളാണ്, പക്ഷെ "പുതുജനനത്താൽ" മാത്രമെ നാം അവന്റെ ആത്മിയ മക്കളാകുന്നുള്ളു. ചിലർ ഇന്നു വിശ്വാസത്താൽ മാത്രം, ദൈവത്തിന്റെ "പുത്രത്വം" അവകാശപ്പെടുന്നുണ്ട്. എന്നാൽ അതു മാത്രം പോരാ (ഗലാ. 3:26, 27). ചിലർ പുതിയ ജനനത്തിൽനിന്നു വെള്ളത്തെ മാറ്റി നിർത്തുന്നുണ്ട്, പക്ഷെ "വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ" ആർക്കും ദൈവത്തിന്റെ മകനോ മകളോ ആകുവാൻ സാധ്യമല്ല (യോഹ. 3:5). ദൈവത്തിന് ഒന്നാംകിട മക്കളേയുള്ളു, രണ്ടാംകിട മക്കളില്ല. പ്രാർത്ഥനക്കു ദൈവം മറുപടി തരും എന്നതാണ് ദൈവമക്കൾക്കുള്ള അനുഗ്രഹങ്ങളിൽ പ്രധാനമായ ഒന്ന് (1 പത്രൊ. 3:12; 1 യോഹ. 5:14, 15). നാം ക്രിസ്ത്യാനികളാണെങ്കിൽ – ദൈവം നമ്മുടെ പിതാവാണ് – "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവ്." നമുക്ക് പ്രാർത്ഥനയുടെ ഫലമായി എല്ലാ സ്വർഗീയ വിഭവങ്ങളും നമ്മുടെ ഉപയോഗത്തിനായി തുറന്നു നൽകും. പൗലൊസ് എഴുതി, "ദൈവം ... നമ്മെ സ്വർഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു" (എഫെ. 1:3). ദൈവം തന്റെ മക്കളെ അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു (7:7–11).

**"നിന്റെ രാജ്യം" (6:10)**

രാജ്യം വരേണമേ എന്ന പ്രാർത്ഥനക്ക് ദൈവം പെന്തെകൊസ്തുനാളിൽ മറുപടി നൽകി (പ്രവൃ. 2). ദൈവരാജ്യം വരേണമേ എന്നു ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നതു ഉചിതമല്ലെങ്കിലും, "നിന്റെ ഇഷ്ടം സ്വർഗത്തിലേപോലെ ഭൂമിയിലും ആകേണമേ," എന്നു പ്രാർത്ഥിക്കാവുന്നതാണ്. ഇപ്പോൾ ദൈവരാജ്യം ഇവിടെയുണ്ട്, ദൈവത്തെ ആദരിക്കുന്നവരിൽ അവന്റെ ഇഷ്ടം അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവം പരമാധികാരിയാണ്, പക്ഷെ അവൻ മനുഷ്യർക്ക് സ്വതന്ത്രമായ ചിന്താഗതി നൽകിയിരിക്കുന്നു. അതായത്, ദൈവേഷ്ടം ചെയ്യണോ വേണ്ടയോ എന്നു നമുക്ക് തിരഞ്ഞെടുക്കാം.

ഈ സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ, ഇന്ന് നാം എന്താണ് പ്രാർത്ഥിക്കേണ്ടത്? ഒന്നാമതായി, നമ്മുടെ ജീവിതത്തിൽ ദൈവേഷ്ടം പ്രവർത്തിക്കേണമേ എന്നു നാം പ്രാർത്ഥിക്കണം. രണ്ടാമതായി, അവന്റെ ആധിപത്യം സ്വർഗത്തിലേ പോലെ ഭൂമിയിലും ആകേണമേ എന്നു നാം പ്രരാർത്ഥിക്കു

ന്നതു ശരിയാണ്. തിരിച്ചറിവിലെത്തിയ ഓരോ വ്യക്തിയും തന്റെ ഇഷ്ടത്തിനു പകരം ദൈവേഷ്ടത്തിനു മുൻതൂക്കം കൊടുക്കണം.

**ഉപവാസത്തിനുള്ള കാരണങ്ങൾ (6:16-18)**

ഉപവസിക്കുവാൻ ക്രിസ്ത്യാനികൾക്ക് കൽപനയില്ലെങ്കിലും, തന്റെ ശിഷ്യ ന്മാർ ഉപവസിക്കുമെന്ന സൂചന യേശു നൽകിയിരുന്നു. ആ പരിശീലനത്തെ ഉപേക്ഷിക്കുന്നതിനാൽ നമുക്ക് പല ഭൗതികവും ആത്മികവുമായ പ്രയോജന ങ്ങൾ നാം നഷ്ടപ്പെടുത്തിയേക്കാം. ഉപവാസത്തിൽ ഏർപ്പെടുന്നതിന് ഇതാ ചില നല്ല കാരണങ്ങൾ:

1. ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തുവാൻ (1 രാജാ. 21:27–29; എസ്രാ. 8:21; സങ്കീ. 35:12, 13).

2. നാം പ്രാർത്ഥിക്കേണ്ട പ്രത്യേക കരുതലിൽ ശ്രദ്ധിക്കുവാൻ.

3. ജീവിതത്തിൽ ആത്മിയ കാര്യങ്ങൾക്ക് മുൻഗണന നൽകുവാൻ. ലോകത്താൽ നാം ആകർഷിക്കപ്പെടാതെ ആത്മികമായി ദൈവ ത്താൽ കൂടുതൽ ആകർഷിക്കപ്പെടുവാൻ ഉപവാസം സഹായിക്കും.

4. നമ്മുടെ ഇന്ദ്രിയ - ജയം വർദ്ധിപ്പിക്കുവാനും, പരീക്ഷണങ്ങളെ അതി - ജീവിക്കുവാനുള്ള കഴിവ് സംഭരിക്കുവാനും. ഉപവാസം നമ്മെ ഇന്ദ്രി - യ ജയത്തിലേക്കും, ഇന്ദ്രിയജയം നമ്മെ കൂടുതൽ ആത്മിയ പക്വത യിലേക്കും, ആത്മിയ പക്വത കൂടുതൽ ദൈവത്തോട് അടുക്കു വാനും സഹായിക്കും.

---

കുറിപ്പുകൾ

[1]ക്രെയിഗ് എസ്. കീനർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 207. ടോബിറ്റ് 12.8 പറയുന്നത് "ഭിക്ഷ," "പ്രാർത്ഥന," "ഉപവാസം" എന്നിവ ചേർന്നിരിക്കുന്നു; എന്നാൽ അതിൽ ഉൾപ്പെട്ടിരിക്കുന്ന "നീതി" വേറിട്ടിരിക്കുന്നു. [2]മൈക്കിൾ ജെ. വിൽകിൻസ്, "മാത്യു," ഇൻ *സോ ണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട് കമെന്ററി,* വാല്യം 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി., ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ 2002), 43. [3]ടോ ബിറ്റ് 12:9 (എൻആർഎസ്വി). [4]മിഷ്നാ *ഷേക്കലിം* 2.1; 6.1,5. [5]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* പാർട്ട്, 1, ദ ലിവിങ് വേർഡ് ആന്റ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 98–99. [6]ഇബിഡ് 99. [7]സിരാഖ്, 1:29. [8]വിൽക്കിൻസ്, 44. [9]സെസ്ലാസ് സ്പിക്, *തിയോളജിക്കൽ ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ്,* ട്രാൻസ് ആന്റ് എഡി., ജെയിംസ് ഡി. ഏണെസ്റ്റ് (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1994), 1:162–64. [10]റോബർട്ട് എച്ച്. ഗൺഡ്രി, *മാത്യു: ഏ കമെന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1982), 102.

[11]മിഷ്നാ *ഷെക്കാലിം* 5.6. [12]താൽമൂദ് *ബാഹാ ബാത്രാ* 9 ബി. [13]ഇബിഡ്., 10 ബി. [14]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു,* ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 133. [15]നോക്കുക ജോസെഫസ് *ആന്റികിറ്ററസ്* 14.4.3. [16]*ഡിഡാക്കേ* 8.3. [17]റോ ബർട്ട് എച്ച്. മൗൺസ്, *മാത്യു* ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി,

മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 54–55. [18]ലിയോൺ മാറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിഹ് കമ്പനി., 1992), 141, എൻ. 22. [19]ഒരു റബ്ബി പറഞ്ഞു, "പ്രാർത്ഥന വർദ്ധിപ്പിക്കുമ്പോൾ ദൈവം കേൾക്കും." (ജോൺലൈറ്റ്ഫുട് *ഏ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് ഫ്രം ദ താൽമൂദ് ആന്റ് ഹെബ്രൈക്കാ: മാത്യു-1 കൊരിന്ത്യൻസ്, വാല്യും. 2, മാത്യു - മാർക്ക്* [ഓക്സ്ഫോർഡ്: ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1859; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ, 1979], 145). [20]കീനെർ 213; എടുത്തിരിക്കുന്നത് ജോൺ ഈ. സ്റ്റാബാ ആന്റ് ഡേവിഡ് എൽ. ബാൽക്, *ദ ന്യുടെസ്റ്റമെന്റ് ഇൻ ഇറ്റ്സ് സോഷ്യൽ എൻവയേൺമെന്റ്,* ലൈബ്രറി ഓഫ് ഏർലി ക്രിസ്ത്യാനിറ്റി, വാല്യം. 2 (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1986), 129.

[21]മൗൺസ്, 55. [22]വിൽകിൻസ്, 44–45. [23]ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട്, ദ മേസേജ് ഓഫ് ദ സെർമൺ ഓൺ ദ മൗണ്ട് (മാത്യു 5–7): ക്രിസ്ത്യൻ കാണർ കൾച്ചർ, ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ - വാഴ്സിറ്റി പ്രസ്, 1978), 144. [24]വിസ്ഡം ഓഫ് സോളമൻ 14:3; സിരാഖ് 23:1, 4. [25]ക്റെയിഗ് എ. ഇവാൻസ്, എഡി., *ദ ബൈബിൾ നോളേജ് ബാഗ്രൗണ്ട് കമെന്ററി: മാത്യു - ലൂക്ക്,* ബൈബിൾ നോളേജ് സീരീസ്, വാല്യം, 1 (കൊളോറാഡോ സ്പ്രിങ്സ്, കൊളൊ: വിക്ടർ 2003), 232. [26]*ഡിഡാക്കേ* 8.2. [27]"നിങ്ങളുടെ പാപങ്ങൾ ഞാൻ ഇനി ഓർക്കയില്ല" എന്ന വാഗ്ദാനം (എബ്രാ. 8:12; 10:17) സൂചിപ്പിക്കുന്നത്, നമ്മുടെ കഴിഞ്ഞ കാല തെറ്റുകൾക്ക് ദൈവം ശിക്ഷിക്കുകയില്ല എന്നാണ്. നോക്കുക എഫ്. എഫ്. ബ്രൂസ്, *ദ എപ്പിസ്റ്റൽ ടു ദ ഹീബ്രൂസ്,* ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 175. [28]മിഷ്നാ *യോമാ* 8.1. [29]മിഷ്നാ *താനിത്* 1.4–7; 2.9. *ഡിഡാക്കേ*യിൽ രണ്ടാം നൂറ്റാണ്ടിൽ വിശ്വാസികളെ ഇങ്ങനെ പ്രബോധിപ്പിച്ചു: "നിങ്ങളുടെ ഉപവാസം കപടഭക്തിക്കാരുടേത് പോലെ ആകാതിരിക്കേണം, അതിനാൽ അത് തിങ്കളാഴ്ച്ചക്കും വ്യാഴാഴ്ച്ചക്കും പകരമായി ബുധനാഴ്ച്ചയും വെള്ളിയാഴ്ച്ചയും ആയിരിക്കട്ടെ" (*ഡിഡാക്കേ* 8.1). [30]ദാവീദിന്റെ കാലത്തെ ഉപവാസത്തിനു *ശേഷമായിരുന്നു,* "കഴുകി, തന്നെത്താൻ അഭിഷേകം ചെയ്തു, വസ്ത്രം മാറുവാൻ തുടങ്ങിയത്" (2 ശമു. 12:20).

[31]കീനെർ 228. [32]എങ്ങനെയായാലും, യേശുവിന്റെ മാതൃകാ പ്രാർത്ഥന ആവർത്തിച്ച് ഉരുവിടുന്ന പരിശിലനം, രണ്ടാം നൂറ്റാണ്ടിലേ വരുന്നുള്ളു. ഒരുപക്ഷെ യെഹൂദ പാരമ്പര്യത്തിൽനിന്നാകാം *ഡിഡാക്കേ* വിശ്വാസികളോട് മാതൃകാ പ്രാർത്ഥന ദിവസവും മൂന്നു പ്രാവശ്യം പ്രാർത്ഥിക്കുവാൻ പറഞ്ഞത് (*ഡിഡാക്കേ* 8.2, 3).